# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചൊവ്വന്നൂര് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി2) 878/21/2021,

തി.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 05/07/2021
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൊവ്വന്നൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചൊവ്വന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊവ്വന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി2) 878/21/2021, തീയ്യതി: 05/07/2021
തി.

# തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-10-2019 മുതൽ 16-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2021 | 29-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 29-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റീന ജോസഫ്, ഓഡിറ്റ് ഓഫീസർ
ലിഷ കെ.വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

രേഖ സി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അനീറ്റ ഡോമിനിക്, ഓഡിറ്റർ
സ്വാലിഹ് സി.പി., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതീശൻ കെ.കെ. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| മായാദേവി കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 25-04-2019 |
| ജോൺ പി.ആർ. | സെക്രട്ടറി | 25-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സീമ ടി.എസ്. | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 31-03-2020 |
| ലളിത വി.പി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. മിനി വി.ജി. | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ. ഉമ കെ. ശങ്കർ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.സ്മിതാ കൊച്ചുമോൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 01-04-2019 | 20-06-2019 |
| ഡോ.ശാലിനി പി.എസ്. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 21-06-2019 | 17-02-2020 |
| ഡോ.വിജീഷ് വിജയൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 18-02-2020 | 31-03-2020 |
| ഡോ.സലീൽ യു. | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| റെജീന വി.സി. | അഗ്രികൾച്ചറൽ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| മായാദേവി കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഷൈജിത്ത് ഐ. | വി.ഇ.ഒ. ഗ്രേഡ് -1 | 01-04-2019 | 01-09-2019 |
| ഷിബു ടി.ബി. | വി.ഇ.ഒ. | 02-09-2019 | 04-10-2019 |
| അംബുജാക്ഷി ടി.കെ. | വി.ഇ.ഒ. | 05-10-2019 | 31-03-2020 |
| നിഷ പി.പി. | വി.ഇ.ഒ. ഗ്രേഡ് - 2 | 01-04-2019 | 25-09-2019 |

25.09.2019 ന് ശേഷം വി.ഇ.ഒ. ഒരു പോസ്റ്റ് മാത്രമേ നിലവിൽ ഉള്ളൂ.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Reena Joseph (Audit Officer, On 27-06-2021)<br>Last Updated By: Reena Joseph (Audit Officer, On 27-06-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Rekha C (Asst. Audit Officer, On 28-06-2021)<br>Last Updated By: Reena Joseph (Audit Officer, On 01-07-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Rekha C (Asst. Audit Officer, On 28-06-2021)<br>Last Updated By: Reena Joseph (Audit Officer, On 01-07-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Rekha C (Asst. Audit Officer, On 27-06-2021)<br>Last Updated By: Rekha C (Asst. Audit Officer, On 30-06-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Reena Joseph (Audit Officer, On 27-06-2021)<br>Last Updated By: Reena Joseph (Audit Officer, On 05-07-2021) | 1-5 |
| 6 | തൊഴിലുറപ്പു പദ്ധതി<br>Written By: Reena Joseph (Audit Officer, On 28-06-2021)<br>Last Updated By: Reena Joseph (Audit Officer, On 28-06-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Reena Joseph (Audit Officer, On 27-06-2021)<br>Last Updated By: Reena Joseph (Audit Officer, On 27-06-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Swalih C.P (Auditor, On 28-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Reena Joseph (Audit Officer, On 27-06-2021)<br>Last Updated By: Reena Joseph (Audit Officer, On 27-06-2021) | 1-9 |
| 10 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Reena Joseph (Audit Officer, On 27-06-2021)<br>Last Updated By: Reena Joseph (Audit Officer, On 27-06-2021) | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Rekha C (Asst. Audit Officer, On 28-06-2021)<br>Last Updated By: Rekha C (Asst. Audit Officer, On 29-06-2021) | 1-11 |
| 12 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Rekha C (Asst. Audit Officer, On 28-06-2021)<br>Last Updated By: Rekha C (Asst. Audit Officer, On 29-06-2021) | 1-11-1 |
| 13 | വസ്തു നികുതി -സഞ്ചയ,സാംഖ്യ പ്രകാരമുള്ള കണക്കുകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Rekha C (Asst. Audit Officer, On 28-06-2021)<br>Last Updated By: Reena Joseph (Audit Officer, On 03-07-2021) | 1-11-2 |
| 14 | വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല<br>Written By: Rekha C (Asst. Audit Officer, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 03-07-2021) | 1-11-3 |
| 15 | ജേണൽ വൗച്ചർ -സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Anita Dominic (Auditor, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 03-07-2021) | 1-11-4 |
| 16 | രജിസ്റ്റർ പരിപാലനം-അപാകതകൾ<br>Written By: Rekha C (Asst. Audit Officer, On 29-06-2021)<br>Last Updated By: Rekha C (Asst. Audit Officer, On 29-06-2021) | 1-11-5 |

| | | |
|---|---|---|
| 17 | വിനിയോഗിക്കാത്ത ഗ്രാന്റുകളും അവയുടെ നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല<br>Written By: Rekha C (Asst. Audit Officer, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 1-11-6 |
| 18 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടതാണ്<br>Written By: Rekha C (Asst. Audit Officer, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 1-11-7 |
| 19 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്- വാർഷിക കണക്കുകളും പാർട്ട് ബിൽ സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല<br>Written By: Rekha C (Asst. Audit Officer, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 1-11-8 |
| 20 | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Rekha C (Asst. Audit Officer, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 1-11-9 |
| 21 | വസ്തു നികുതി അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 03-07-2021) | 1-12 |
| 22 | നികുതി പുനർനിർണയം - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Swalih C.P (Auditor, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 03-07-2021) | 1-12-1 |
| 23 | വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ<br>Written By: Swalih C.P (Auditor, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 03-07-2021) | 1-12-2 |
| 24 | അടിസ്ഥാന നിരക്ക് തെറ്റായി രേഖപ്പെടുത്തി<br>Written By: Swalih C.P (Auditor, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 03-07-2021) | 1-12-3 |
| 25 | ഫീൽഡ് റിപ്പോർട്ട് പ്രകാരമുള്ള തുടർ നടപടി സ്വീകരിച്ചില്ല<br>Written By: Swalih C.P (Auditor, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 03-07-2021) | 1-12-4 |
| 26 | റദ്ദാക്കിയ സാംഖ്യാ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല<br>Written By: Swalih C.P (Auditor, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 03-07-2021) | 1-12-5 |
| 27 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 1-13 |
| 28 | ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Swalih C.P (Auditor, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 03-07-2021) | 1-13-1 |
| 29 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Swalih C.P (Auditor, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 1-13-2 |
| 30 | ലൈസൻസ് - അപാകതകൾ | 1-14 |

| | | |
|---|---|---|
| | Written By: Anita Dominic (Auditor, On 29-06-2021)<br>Last Updated By: Anita Dominic (Auditor, On 30-06-2021) | |
| 31 | ലേലനടപടികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ടതാണ്<br>Written By: Anita Dominic (Auditor, On 29-06-2021)<br>Last Updated By: Anita Dominic (Auditor, On 30-06-2021) | 1-15 |
| 32 | ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ - അംഗീകാരം വാങ്ങിയിട്ടില്ല<br>Written By: Anita Dominic (Auditor, On 29-06-2021)<br>Last Updated By: Anita Dominic (Auditor, On 30-06-2021) | 1-16 |
| 33 | ക്രമവത്ക്കരണഫീസ് ഈടാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 30-06-2021)<br>Last Updated By: Anita Dominic (Auditor, On 30-06-2021) | 1-17 |
| 34 | നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് തനത് വരുമാനമാക്കാവുന്നതാണ്<br>Written By: Reena Joseph (Audit Officer, On 28-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 1-18 |
| 35 | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ ഓഡിറ്റിനായി വാർഷികകണക്കുകൾ സമർപ്പിക്കേണ്ടതാണ്<br>Written By: Anita Dominic (Auditor, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 1-19 |
| 36 | ദുരിതാശ്വാസ നിധി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Reena Joseph (Audit Officer, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 1-20 |
| 37 | താല്ക്കാലിക നിയമനങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമായില്ല<br>Written By: Reena Joseph (Audit Officer, On 30-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 1-21 |
| 38 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ-രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Lisha.K.V (Asst. Audit Officer, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 03-07-2021) | 1-22 |
| 39 | ലൈബ്രറിയിലേക്കും വനിതാ കേന്ദ്രത്തിലേക്കും ആനുകാലികങ്ങൾ വാങ്ങി നൽകൽ -സബ്സിഡി മാർഗ്ഗരേഖയിൽ വ്യവസ്ഥയില്ല<br>Written By: Lisha.K.V (Asst. Audit Officer, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 03-07-2021) | 1-23 |
| 40 | സീനിയേഴ്സ് കോർണ്ണർ നിർമ്മാണം-കോസ്റ്റ് ഫോർഡിന് അധിക തുക അനുവദിച്ചത് തിരികെ ഈടാക്കേണ്ടതാണ്<br>Written By: Lisha.K.V (Asst. Audit Officer, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 03-07-2021) | 1-24 |
| 41 | വാർഡ് തല സമിതിക്ക് നൽകിയ തുകയുടെ ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Reena Joseph (Audit Officer, On 30-06-2021)<br>Last Updated By: Reena Joseph (Audit Officer, On 05-07-2021) | 1-25 |
| 42 | വി ഇ ഒ നിർവഹണോദ്യോഗസ്ഥനായ പദ്ധതികൾ-രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 03-07-2021) | 1-26 |
| 43 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ-തുക തിരിച്ചടവാക്കിയ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-27 |

| | | |
|---|---|---|
| | Written By: Rekha C (Asst. Audit Officer, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 03-07-2021) | |
| 44 | ഫിസിയോ തെറാപ്പി കേന്ദ്രം -രേഖകൾ ലഭ്യമാക്കിയില്ല -ചെലവ് തുക തടസ്സത്തിൽ വെക്കുന്നു<br>Written By: Rekha C (Asst. Audit Officer, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 03-07-2021) | 1-28 |
| 45 | വ്യദ്ധർക്ക് കട്ടിൽ (ജനറൽ)-രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Rekha C (Asst. Audit Officer, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 03-07-2021) | 1-29 |
| 46 | ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നില്ല<br>Written By: Reena Joseph (Audit Officer, On 28-06-2021)<br>Last Updated By: Reena Joseph (Audit Officer, On 28-06-2021) | 1-30 |
| 47 | മുടങ്ങി കിടക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Reena Joseph (Audit Officer, On 30-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 1-31 |
| 48 | 10% ഓവർഹെഡ് ചാർജ് അനുവദിക്കുന്നത് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല<br>Written By: Reena Joseph (Audit Officer, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 29-06-2021) | 1-32 |
| 49 | കരാറുകാരൻ ക്വാട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താതെ പ്രതിഫലം നൽകിയത് - അധികതുക ഈടാക്കേണ്ടതാണ്<br>Written By: Reena Joseph (Audit Officer, On 30-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 1-33 |
| 50 | നിയമ പ്രകാരമുള്ള പിഴ ഈടാക്കി അറിയിക്കേണ്ടതാണ്<br>Written By: Reena Joseph (Audit Officer, On 30-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 1-34 |
| 51 | ജി.എസ്.ടി. കോമ്പൻസേഷൻ നൽകിയത് - കരാറുകാരൻ ജിഎസ്.ടി അടച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Reena Joseph (Audit Officer, On 30-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 1-35 |
| 52 | രജിസ്റ്ററുകൾ/രേഖകൾ എന്നിവ പരിപാലിക്കുന്നില്ല<br>Written By: Reena Joseph (Audit Officer, On 28-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 1-36 |
| 53 | TDS ഈടാക്കി അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്<br>Written By: Reena Joseph (Audit Officer, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 1-37 |
| 54 | തൊഴിലുറപ്പ് പദ്ധതി-ക്വാറി മക്ക് ഉപയോഗിച്ചുള്ള ഫില്ലിംഗിന് അധിക നിരക്ക് നൽകിയത്<br>Written By: Reena Joseph (Audit Officer, On 29-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 1-38 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കരാറുകാരൻ ക്വാട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താതെ പ്രതിഫലം നൽകിയത് - അധികം നൽകിയ തുക ഈടാക്കേണ്ടതാണ്<br>Written By: Reena Joseph (Audit Officer, On 30-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 3-1 |

| | | |
|---|---|---|
| 2 | നിയമപ്രകാരമുള്ള പിഴ ഈടാക്കി അറിയിക്കേണ്ടതാണ്<br>Written By: Reena Joseph (Audit Officer, On 30-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 3-2 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rekha C (Asst. Audit Officer, On 27-06-2021)<br>Last Updated By: Rekha C (Asst. Audit Officer, On 29-06-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rekha C (Asst. Audit Officer, On 27-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Reena Joseph (Audit Officer, On 27-06-2021)<br>Last Updated By: Reena Joseph (Audit Officer, On 27-06-2021) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Reena Joseph (Audit Officer, On 27-06-2021)<br>Last Updated By: Rekha C (Asst. Audit Officer, On 27-06-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Reena Joseph (Audit Officer, On 27-06-2021)<br>Last Updated By: Reena Joseph (Audit Officer, On 27-06-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Anita Dominic (Auditor, On 27-06-2021)<br>Last Updated By: Anita Dominic (Auditor, On 27-06-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Anita Dominic (Auditor, On 27-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Reena Joseph (Audit Officer, On 27-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Reena Joseph (Audit Officer, On 27-06-2021)<br>Last Updated By: Reena Joseph (Audit Officer, On 30-06-2021) | 4-9 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് 25.02.19 ലെ പഞ്ചായത്ത് ഭരണസമിതി 1(1) നമ്പർ തീരുമാനപ്രകാരം 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിക്കുകയുണ്ടായി. 23.03.20 ൽ പുതുക്കിയ ബജറ്റും പാസാക്കിയിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് 9,17,30,424 രൂപയും ചെലവ് 9,63,44,215 രൂപയും ആണ്. അംഗീകരിച്ച ബജറ്റിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214(7)-ാം വകുപ്പനുസരിച്ചുള്ള വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 09-07-2020 |

## 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 13127313.72 |
| ഓഡിറ്റ് വർഷത്തെ വരവ് | 38790540 |
| ആകെ | 51917853.72 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 38526474 |
| നീക്കിയിരിപ്പ് | 13391379.72 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 29861 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 304477 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിലെ ഗ്രാന്റ് വിനിയോഗ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 6902096 | 6902096 | 5888913 | 1013183 | |
| വികസന ഫണ്ട് (SCP) | - | 4149588 | 4149588 | 3588929 | 560659 | |
| വികസന ഫണ്ട് (TSP) | - | - | - | - | - | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC - Tied) | - | - | - | - | - | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC - UnTied) | - | 5787427 | 5787427 | 2804681 | 2982746 | |
| ലോകബാങ്ക് സഹായം | - | - | - | - | - | |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | - | 7246000 | 7246000 | 2983006 | 4262994 | |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | - | 3251000 | 3251000 | 1568748 | 1682252 | |
| പ്രത്യേക ഗ്രാന്റ് (ഇനം തിരിച്ച് | - | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഐ.സി.ഡി.എസ്. 320100121 | 1153404 | 355663 | 1509067 | 1031732 | 477335 | |
| ടോട്ടൽ സാനിറ്റേഷൻ കാമ്പെയ്ൻ 320100115 | 36000 | 0 | 36000 | 0 | 36000 | |
| ടോട്ടൽ സാനിറ്റേഷൻ 320300103 | 1326548 | 0 | 1326548 | 104914 | 1221634 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| വിമുക്തി 320200399 | 28550 | 0 | 28550 | 10000 | 18550 | |
| കേരളോത്സവം 320200323 | 10330 | 20000 | 30330 | 30000 | 330 | |
| ആരോഗ്യ ഇൻഷ്വറൻസ് 320300199 | - | 3006 | 3006 | - | 3006 | |

## 1-5 പദ്ധതി അവലോകനം

ഗ്രാമ പഞ്ചായത്തിലെ ഓഡിറ്റ് വർഷത്തെ പദ്ധതി അവലോകനം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 131 | 61047822 | 76 | 26658541 | 48 | 7 | 58.01 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | | | | | |
|---|---|---|---|---|---|
| ചെലവുകൾ | 985 | 1105960 | 1106945 | 1106945 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | ഇല്ല | 1,41,83,082 | 1,41,83,082 | 1,41,83,082 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14,280 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 14,64,000 | 1220 |
| വിധവാപെൻഷൻ | 43,23,600 | 30603 |
| വാർദ്ധക്യകാലപെൻഷൻ | 63,42,000 | 5239 |
| വികലാംഗപെൻഷൻ | 11,40,500 | 950 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 5,90,400 | 492 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 2,10,000 | 7 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.06.2021 തിയതിയിൽ 3:30 Pm- ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2132/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വർക്കിംഗ് ഗ്രൂപ്പുകൾ

മാർഗ്ഗരേഖ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമെങ്കിൽ പുന:സംഘടിപ്പിക്കുകയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽ നോട്ടത്തിൽ പ്രവർത്തിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുകയും കഴിഞ്ഞ 20 വർഷത്തെ അനുഭവങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണകളോടെ പ്രോജക്ട് തയ്യാറാക്കുകയും കരട് പദ്ധതിരേഖയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ പദ്ധതി രേഖ തയ്യാറാക്കുകയും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽപ്പെടുന്നു. പ്രോജക്ട് നടപ്പാക്കിയതിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ചുചേർക്കൽ, മിനുട്ട്സ് രേഖപ്പെടുത്തൽ, മിനുട്ട്സ് ബുക്ക് സൂക്ഷിക്കൽ, രേഖകൾ കൃത്യമായി സൂക്ഷിക്കുകയും കൈമാറുകയും ഉൾപ്പടെയുള്ളവ വർക്കിംഗ് ഗ്രൂപ്പ് കൺവീനറുടെ ചുമതലയാണ്. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന രേഖകളിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്ന രീതിയിൽ വേണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. ഓഡിറ്റ് വർഷം 3 തവണ വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്നിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയായ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ,തിയതി 29.3.2017 ലെ ഖണ്ഡിക 14.6 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. മാത്രമല്ല പ്രൊജക്ട് നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണഉദ്യോഗസ്ഥൻ പ്രൊജക്ടിന്റെ ഭൗതികലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും രേഖപ്പെടുത്തിയ ഒരു പൂർത്തീകരണപത്രം തയ്യാറാക്കേണ്ടതുമാണ്. എന്നാൽ ഒരു പ്രൊജക്ടിലും മോണിട്ടറിംഗ് നടത്തുകയോ പൂർത്തീകരണപത്രം തയ്യാറാക്കുകയോ ചെയ്തിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 17.02.21 | ഏപ്രിൽ 2020 മുതൽ ഡിസംബർ 2020 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | 21.07.2016 മുതൽ 04.08.2016 വരെ | 2015-16 | 21.11.2016 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

2019-20 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-11-1 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 264066 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3395646രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-11-2 വസ്തു നികുതി -സഞ്ചയ,സാംഖ്യ പ്രകാരമുള്ള കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1തൻവർഷം

1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1422969 | 1386732 | 13981 | 25534 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1422969 | 1434679 | - | 25580* |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | (26859 /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 887863 | 879749 | 4334 | 5372 |
| വാർഷികകണക്കിലെ വിവിധ പത്രിക കൾ പ്രകാരം | 887863 | 838203 | 4334 | 5377 |
| | (ഇൻകം &എക്സ്പെൻഡി | (റസീറ്റ് & പേയ്മെന്റ് | ( 350410104-Advance | ( 5646 /105X100) |

| | | | | |
|---|---|---|---|---|
| | ച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | പത്രിക ,ഷെഡ്യൂൾ ആർ.പി-43) | Collection- PT On NR Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

**1.3സർവ്വീസ് സെസ്**

**1.3.1റെസിഡൻഷ്യൽ**

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 356007 | 347398 | 3116 | 6341 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 356007 | 354694 | - | 6341 |

**1.3.2നോൺ-റെസിഡൻഷ്യൽ**

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീ കരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 222422 | 219726 | 1075 | 1346 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 222422 | 209498 | - | 1346 |

**1.4 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)**

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 73266 | - | 73266 | 71259 | | 71259 | 786 | - | 1325 | | 1325 |
| | നോൺ-റെസിഡൻഷ്യൽ | 44874 | - | 44874 | 44309 | | 44309 | 224 | - | 274 | | 274 |
| | ആകെ | | | 118140 | | | 115568 | 1010 | - | 1599 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 118140 | | | 115869 | | | | 116578 | 1599 | | |
| | | =(2018-19ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 – State Govt . | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/Levies ലെഡ്ജർ 2018-19) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

| | Cess/Levies ലെഡ്ജർ 2019-20) | | | | |
|---|---|---|---|---|---|

1.5. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:1.1, 1.2, 1.3, 1.4 എന്നി ഖണ്ഡികയിലെ പട്ടികകൾ).

1.6 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും, എന്നാൽ 31/3/2020ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 29224 | 3254 |
| 2 | 350410104-Advance Collection Of Revenues - Property Tax On Non-Residential Building | 6198 | 976 |

1.7 1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ 119പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2019-20 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 1.4.19-ന മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും, അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1.8 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 115869 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 115568 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/Levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട തുകയുമല്ല, മറിച്ച് 116578 രൂപയാണ്. (വൌച്ചർ .41900360 തീ 31.03.20, 41900364 തീ.31.03.20, (72045+44533=116578)) (പട്ടിക 1.4 കാണുക )

1.9 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 32505രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 1547 (32505/105X5 ) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 1599രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-11-3 വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും, പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ്

അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.ഡി.&ഒ ഡിമാന്റ് രജിസ്റ്റർ
2.ലൈബ്രറി രജിസ്റ്റർ

3. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

4.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

എ) അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. (വസ്തു നികുതി ഒഴികെ)

ലേലം

| | ഇനം | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | Sale Of Empties And Waste Materials | 37441 | 37441 | - | - | - |
| രജിസ്റ്റർ പ്രകാരം | ,, | - | - | - | - | - |
| വാർഷിക കണക്ക് പ്രകാരം | Auction Of Firewood | - | - | - | - | - |
| രജിസ്റ്റർ പ്രകാരം | ,, | 4100 | 4100 | - | - | - |

ബി)കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| | ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം കളക്ഷൻ |
|---|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | Application Fee | 2970 | 2970 | - |
| രജിസ്റ്റർ പ്രകാരം(Permit Register) | | 2920 | 2920 | - |

## 1-11-4 ജേണൽ വൗച്ചർ -സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ, കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 19141 |
| 280200401-Prior Period Income-Other Income | 84090 |
| 280100102-Prior Period Income-Profession Tax Institutions/Professionals/Traders | (900) |
| | |

| | |
|---|---|
| 280100105-Prior Period Income -Service Cess On Residential Building | (13180) |
| 28010006-Prior Periodincome -Service Cess On Non Residential Building | (5368) |
| 280800201-Prior Period- Administrative Expenses | (79500) |
| 280800701-Prior Period- Miscellaneous Expenses | (3385617) |

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011, ചട്ടം 7). ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-5 രജിസ്റ്റർ പരിപാലനം-അപാകതകൾ

1.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

2.ഷെയർ കൺഫർമേഷൻ സർട്ടിഫിക്കറ്റ് പുതുക്കി, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3.തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
4. സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-11-6 വിനിയോഗിക്കാത്ത ഗ്രാന്റുകളും അവയുടെ നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/2020 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/2020 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320700104 | Joint Venture – Block Share _capital | 2608300 | 450650109 | Treasury Special TSB | 4478262 |
| 2 | 32070005 | Joint Venture – DP Share _capital | 188081 | | – Joint Venture | |
| 3. | 320700204 | Joint Venture – Block Share _Revenue | 662632 | | | |
| 4 | 320700205 | Joint Venture – DP Share _Revenue | 1116508 | | | |
| 5 | | Total | 4575521 | Total 4478262 | | |
| 6 | | | | | | |
| | | | | | | |

| | | | | |
|---|---|---|---|---|
| 7 | | | | |
| 8 | | | | |

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് - ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
|---|---|---|---|
| 1 | 450410101 | SBI-Pension Fund | 9625.48 |
| 2 | 450410104 | SBI -Saksharatha | 2443 |
| 3 | 450610102 | SBI-Grant Fund-2 | 432061.77 |

## 1-11-7 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടതാണ്

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 736322 | 24.12.19 | 736322 |
| (റീകൺസീലിയേഷൻ പത്രിക പ്രകാരം) | | |

## 1-11-8 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്- വാർഷിക കണക്കുകളും പാർട്ട് ബിൽ സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/20വരെ പാർട്ട് ബിൽ നല്കിയതും, എന്നാൽ 31/3/2020 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 2621507രൂപയാണ്. എന്നാൽ 31/3/2020ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 2471648 രൂപയാണ്. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

## 1-11-9 ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ/പ്രകാരമുള്ള 2019-20 ലെ വരവ് തുക RP-34 പ്രകാരമുള്ള വരവുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം വരവ് | RP-34 പ്രകാരമുള്ള വരവ് |
|---|---|---|
| Contractors Retention | 87390 | 80395 |

പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കേണ്ട 4100 രൂപ (Auction Of Firewood At GP Compound) Auction Deposit എന്ന ശീർഷകത്തിലാണ് വരവ് വെച്ചതായി കാണുന്നത്. ആയത് ക്രമീകരിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട വിവിധ രജിസ്റ്ററുകൾ, സഞ്ചയ സോഫ്റ്റ്വെയർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12-1 നികുതി പുനർനിർണയം - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിലെ വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി 13 വാർഡുകളിലും നികുതി പുനർനിർണയം നടത്തേണ്ട കെട്ടിടങ്ങളെ കണ്ടെത്തി പുനർനിർണയം നടത്തി നികുതി വർധിപ്പിക്കാൻ വേണ്ടി 29.08.2019ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചിരുന്നു.

തുടർന്ന് 06.01.2020 തീയതിയിലെ യോഗത്തിൽ ഇതേ വിഷയം വീണ്ടും ചർച്ച ചെയ്ത് തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത തീരുമാനങ്ങൾ നടപ്പിൽ വരുത്തന്നതിന വേണ്ടി സ്വീകരിച്ച നടപടികളുടെ വിശദ വിവരങ്ങൾ ആവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക (നം. 6/27.6.21) ക്ലർക്കുമാരുടെ എണ്ണത്തിലുള്ള കുറവും തുടർന്ന് വന്ന കോവിഡ് മഹാമാരിയും മൂലം നികുതി പുനർനിർണയം നടത്താൻ സാധിച്ചിട്ടില്ല എന്നും കഴിയുന്നത്ര വേഗത്തിൽ ആയത് പൂർത്തീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. നികുതി പുനർനിർണയം എത്രയും വേഗം പൂർത്തീകരിച്ച പഞ്ചായത്തിന്റെ തനതു വരുമാനം വർധിപ്പിക്കേണ്ടതാണ്.

## 1-12-2 വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. 1 മുതൽ 13 വരെയുള്ള വാർഡുകളിലെ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ആകെ 42 പേർക്ക് 2019-20 സാമ്പത്തിക വർഷത്തിൽ നികുതി ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ 13 പേര് മാത്രമേ അപേക്ഷ/ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുള്ളൂ. ചട്ടങ്ങൾ പാലിക്കാതെ 29 പേർക്ക് ഇളവുകൾ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക (നം. 6/27.6.21) സഞ്ചയയിൽ Continuous എന്ന് കൊടുത്തിട്ടുള്ളത് കൊണ്ടാണ് പ്രസ്തുത അപാകത ഉണ്ടായിട്ടുള്ളതെന്നും ഇനി മുതൽ ഇളവ് അനുവദിക്കുന്ന എല്ലാവരിൽ നിന്നും സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. നികുതി ഇളവ് നൽകുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങളും ഉത്തരവുകളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യം ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12-3 അടിസ്ഥാന നിരക്ക് തെറ്റായി രേഖപ്പെടുത്തി

പഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്റർ വരെ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 30 രൂപയും 100 ച:മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 50/- രൂപയും ആണ്. 3,5,8,10 വാർഡുകളിലെ സഞ്ചയയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ ആകെ വിസ്തീർണം 100 ച:മീറ്ററിലും കൂടുതലാണ്. എന്നാൽ വസ്തു നികുതി നിർണയത്തിൽ അടിസ്ഥാന നിരക്ക് 50/- രൂപക്ക് പകരം 30/- രൂപയായാണ് കണക്കാക്കിയിരിക്കുന്നത്.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥൻ | ആകെ വിസ്തീർണം (ച:മീറ്റർ) |
|---|---|---|---|
| 1 | 8/1 A-H , J | ദീപ, കിടങ്ങൻ വീട്, പുതുശ്ശേരി | 226.8 |
| 2 | 3/340 A-G | അനിൽകുമാർ, മുതിരപ്പറമ്പത്ത് വീട്, ചൊവ്വന്നൂർ | 163.82 |
| 3 | 5/100 E-H | സലീം, മടപ്പാട്ടുപറമ്പിൽ, മരത്തംകോട് | 197.25 |
| 4 | 5/346 A-F | ഷക്കീർ,സജ്ന കരങ്ങേൽ വീട്, ചെമ്മന്തട്ട | 167.34 |
| 5 | 10/294 A-F | നാരായണൻ, വേലക്കാട്ട്പയ്യൂർ, കുനംമൂച്ചി | 310.6 |
| 6 | 10/339 E&F | സ്ലാഹൽ,സരസ മോൾ ആന്ദ്രയിൽ വീട്, കാണിപ്പയ്യൂർ | 152.58 |
| 7 | 10/407 K-M | സോനാ സി സൈമൺ, ചെറുവത്തൂർ ,കാണിപ്പയ്യൂർ | 120.94 |

കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/27 .06 2021 ) പ്രസ്തുത കെട്ടിടങ്ങളുടെ മൊത്തം ഏരിയ 100 ച:മീ ന മുകളിൽ ആണെങ്കിലും നമ്പർ നൽകിയിട്ടുള്ളത് വിവിധ ആവശ്യങ്ങൾക്കുള്ള ഭാഗങ്ങളെ തരം തിരിച്ച കൊണ്ടാണെന്നും പ്രസ്തുത ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് സർക്കാർ ഉത്തരവ് പ്രകാരം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള നിരക്കിലാണ് നികുതി ഈടാക്കിയതെന്നും കെട്ടിടത്തിന്റെ ആകെ ഏരിയ കണക്കാക്കി വേണം നികുതി നിശ്ചയിക്കാൻ എന്ന് സർക്കാർ ഉത്തരവിൽ പ്രത്യേകം പറയാത്തത് കൊണ്ടാണ് ഇങ്ങനെ നികുതി കണക്കാക്കിയത് എന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിലെ താഴെ കാണുന്ന കെട്ടിടങ്ങൾക്ക് ആകെ ഏരിയ കണക്കാക്കി ഉയർന്ന നിരക്കിൽ ആണ് നികുതി ഈടാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥൻ | ആകെ വിസ്തീർണം (ച:മീറ്റർ) |
|---|---|---|---|
| 1 | 2/273 A-O | കൃഷ്ണദാസ് വി എ വള്ളിക്കാട്ടിരി വീട്, ചൊവ്വന്നൂർ | 346.82 |
| | | | |

| | | | |
|---|---|---|---|
| 2 | 3/357 A-F | മുഹമ്മദ് ഇസ്മയിൽ എം. എ, മാളിയേക്കൽ വീട്, കടങ്ങോട് | 281.81 |

പഞ്ചായത്തിലെ ഒരേ പോലെയുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത രീതിയിൽ രീതിയിൽ നികുതി ഈടാക്കുന്നത് ശരിയായ നടപടിയല്ല. ഒരേ പോലെയുള്ള കെട്ടിടങ്ങൾക്ക് നികുതി ഈടാക്കാൻ ഒരു പൊതുവായ മാനദണ്ഡം നടപ്പിലാക്കേണ്ടതാണ്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പരിശോധന നടത്തേണ്ടതും ഉപയോഗ ക്രമത്തിലെ തെറ്റായ രേഖപ്പെടുത്തൽ മൂലം പഞ്ചായത്തിന് കിട്ടാനുള്ള നികുതിയിൽ കുറവ് വരുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12-4 ഫീൽഡ് റിപ്പോർട്ട് പ്രകാരമുള്ള തുടർ നടപടി സ്വീകരിച്ചില്ല

4/77-A എന്ന കെട്ടിടത്തിന്റെ 2019-20സാമ്പത്തിക വർഷത്തെ വസ്തു നികുതിയായ 411 രൂപ അടവാക്കിയ രസീത് നമ്പർ 19/35352 Dtd 18.11.2019 രസീത് ക്യാൻസൽ ചെയ്യപ്പെട്ടിട്ടുണ്ട്. "Receipt Cancelled Because This House Has Extended.So It Must Be Re-Assesed" എന്നാണ് ക്യാൻസൽ ചെയ്തതിന്റെ കാരണമായി രസീത് ബുക്കിൽ അടയാളപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സഞ്ചയ പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി ഇപ്പോളും 411 രൂപ തന്നെയാണ്. കൂടാതെ 2019-20 ,2020-21 സാമ്പത്തിക വർഷങ്ങളിലെ വസ്തു നികുതി യഥാക്രമം 20.12.2019, 15.03.2021 എന്നീ തീയതികളിൽ ഫ്രണ്ട് ഓഫീസ്/ ജനസേവാകേന്ദ്രം മുഖേന പഴയ നിരക്കിൽ തന്നെ അടവാക്കിയിട്ടുണ്ട്. പുനർനിർണയം നടത്തേണ്ടതുണ്ട് എന്ന ഫീൽഡ് റിപ്പോർട്ട് ഉണ്ടായിട്ടും അപ്രകാരം ചെയ്യാത്തതിനും പഴയ നിരക്കിൽ തന്നെ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ നികുതി അടവാക്കാൻ അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്കു (നം. 6/27.6.21) കെട്ടിടം പരിശോധിച്ച് നികുതി പുനർനിർണയം നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ നികുതി പുനർനിർണയം നടത്തി കുടിശിക സഹിതം നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-5 റദ്ദാക്കിയ സാംഖ്യാ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല

സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | പേര് / വിലാസം | റദ്ദാക്കിയ സാംഖ്യ രസീത് നം/തീ | കാലയളവ് | തുക |
|---|---|---|---|---|---|
| 1 | 5/110 | ബാബു, വിനീത ബാബു, മഠത്തിൽ, പുത്തൻവീട്ടിൽ, മരത്തംകോട് | 120030102100/30.01.2021 | 2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 1300 |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/27.06.2021 ) രസീത് ഫ്രണ്ട് ഓഫീസിൽ ക്യാൻസൽ ചെയ്യുന്ന അവസരത്തിൽ തന്നെ സഞ്ചയയിൽ പ്രസ്തുത തുക ഡിലീറ്റ് ആവാറുണ്ടെന്നും അക്കരണത്താൽ ആണ് അപാകത ശ്രദ്ധയിൽ പെടാതെ പോയതെന്നും മറുപടി നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത കെട്ടിടത്തിന്റെ 20202-21 സാമ്പത്തിക വർഷത്തിലെ നികുതി 01.02.2021 തീയതിയിൽ ഔട്ട് ഡോർ കളക്ഷൻ ആയി വാങ്ങിയിട്ടുണ്ടെന്നും സഞ്ചയ പ്യൂരിഫിക്കേഷൻ ലഭ്യമായ സമയത് മാത്രമേ ഇനി രസീത് ഡിലീറ്റ് ചെയ്യാൻ സാധിക്കു എന്നതിനാൽ ഐ കെ എം ന പരാതി നൽകി എത്രയും പെട്ടെന്ന രസീത് ഡിലീറ്റ് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ നിന്നും ഒഴിവാക്കാതെ ഇരിക്കുന്നത് ഗുരുതരമായ പിഴവ് ആണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതെ ഇരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി - അപാകങ്ങൾ

ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച് നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. താഴെ പറയുന്ന അപാകങ്ങളിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13-1 ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ 231 സ്ഥാപങ്ങൾക്കാണ് ലൈസെൻസ് നൽകിയിട്ടുള്ളത്. എന്നാൽ 2019-20 ലെ സ്ഥാനങ്ങളുടെയും വ്യാപാരികളുടെയും തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 193 സ്ഥാപനങ്ങൾ മാത്രമാണ് തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. ബാക്കിയുള്ള 39 സ്ഥാപനങ്ങളുടെ വിവരങ്ങളും അവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്കു (നം. 9/27.6.21) നൽകിയ മറുപടിയിൽ 20 സ്ഥാപനങ്ങൾ തൊഴിൽ നികുതി 2020-21 കാലഘട്ടത്തിൽ അറിയറായി അടവാക്കിയതായി അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി അതാതു വർഷം തന്നെ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13-2 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത താഴെ കാണുന്ന 8 കരാറുകാരിൽ നിന്നും 2019-20 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര്, വിലാസം |
|---|---|
| 1 | അബീബ് റഹ്മാൻ, പുത്തൻപീടികയിൽ, കടങ്ങോട് |
| 2 | അൽജോ വിൻസെന്റ്, നീലംകാവിൽ, അട്ടത്ര |
| 3 | ജിംസ് എൻ ജെ, നീലംകാവിൽ, അട്ടത്ര |
| 4 | ഫ്രഡ്ഡി ഫ്രാൻസിസ്, നീലംകാവിൽ, അട്ടത്ര |
| 5 | കെ എസ് നന്ദകുമാർ, കരപിള്ളി, പരിയാരം |
| 6 | മോഹനൻ പി, പാറക്കുത്ത |
| 7 | പി എച് അഷ്റഫ്, പുളിച്ചരവീട്ടിൽ, മരത്തംകോട് |
| 8 | പി സി ദേവസ്സി, ചേറൂർ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7/27.06.2021) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 ലൈസൻസ് - അപാകതകൾ

ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീസ് വരവുമായി ബന്ധപ്പെട്ട് അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകൾ പലതും അപൂർണ്ണമാണ്. പല അപേക്ഷകളിന്മേലിന്മേലും അന്വേഷണം നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തുന്നില്ല.

2. പല അപേക്ഷകളിന്മേലും സെക്രട്ടറിയുടെ തീരുമാനം രേഖപ്പെടുത്തുകയോ ഒപ്പ് വയ്ക്കുകയോ ചെയ്തിട്ടില്ല.

3. തൊഴിൽനികുതി അടവാക്കിയ ചില സ്ഥാപന ഉടമകൾ വ്യാപാര ലൈസൻസ് അടവാക്കിയതായി കാണുന്നില്ല.

ഉദാ:-I) എൻ. കെ. തിരുകുമാരൻ (XII/204)

II) ജോളി ആന്റോ (VIII/33A)

4. ലൈസൻസ് അടവാക്കിയിട്ടുള്ള ചില സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുന്നില്ല.
ഉദാ:-1) സദാനന്ദൻ(III/103A) – ചായക്കട
2) ഷിൽന എൻ.എം.(VI/312) – ടെക്സ്റ്റൈൽ ഷോപ്പ്
3) ചിന്നക്കുട്ടി(XIII/338) – സിമെന്റ് ഗ്രേഡിംങ്
4) സജിർഷ് സി.പി. (VII/103B) – വുഡ് വർക്ക്സ്
സ്ഥല പരിശോധന നടത്തി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും ചട്ടപ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ മാറിയ കെട്ടിട വിവരം, വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും, പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കുമുള്ള ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-15 ലേലനടപടികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ടതാണ്

18.12.2019ലെ തീരുമാനം നം.7(18) പ്രകാരം വിവിധ പ്രവൃത്തികളുടെ ഭാഗമായി നിലവിൽ ഉണ്ടായിരുന്നതും പൊളിച്ച് മാറ്റിയതുമായ തുരുമ്പെടുത്ത ഷീറ്റ്, ഇരുമ്പ് കൊണ്ടുള്ള വർക്കുകൾ എന്നിവയുടെ വാല്യുവേഷൻ എടുക്കുന്നതിന് അസി.എഞ്ചിനീയറോട് ആവശ്യപ്പെടുന്നതിനും വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ടി വസ്തുക്കൾ ലേലം ചെയ്യുന്നതിനും പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു. പഞ്ചായത്ത് കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ഇരുമ്പ് വസ്തുക്കളുടെ ലേലം നാളിതുവരെ നടന്നിട്ടില്ല. വാല്യുവേഷൻ തുക അധികരിച്ചതിനാലാണ് പ്രസ്തുത ലേലം നടക്കാതിരിക്കുന്നതെന്നും ആയതിന്റെ ലേലനടപടികൾ ഉടനെ തന്നെ ആരംഭിക്കുമെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.05/27.06.2021) മറുപടി നല്കിയിട്ടുണ്ട്. ലേലനടപടികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ടതാണ്.

## 1-16 ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ - അംഗീകാരം വാങ്ങിയിട്ടില്ല

ജി.ഒ (എം.എസ്)105/97/തസ്വഭവ വിജ്ഞാപന പ്രകാരം ഷോപ്പിംഗ് സെന്റർ ഉള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും സർക്കാർ ഉത്തരവ് നാളിതുവരെ

നടപ്പിലാക്കിയിട്ടില്ല. ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ, പഞ്ചായത്ത് ഭരണസമിതി അംഗീകാരിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്ത് ഡയറക്ടറിൽനിന്നുള്ള അംഗീകാരം വാങ്ങിയിട്ടില്ല.

കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നല്കുന്നത് സംബന്ധിച്ച ബൈലോ തയ്യാറാക്കിയിട്ടുണ്ടോയെന്നും ആയതിന് അംഗീകാരം വാങ്ങിയിട്ടുണ്ടോയെന്നുമുള്ള ഓഡിറ്റ് എൻക്വയറി (നം.9/28.06.2021) ക്ക് ആയത് തയ്യാറാക്കി വരികയാണെന്ന് മറുപടി നല്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് 254, 1995ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന് ബൈലോ തയ്യാറാക്കാവുന്നതാണ്. അംഗീകൃത ബൈലോ തയ്യാറാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 ക്രമവത്ക്കരണഫീസ് ഈടാക്കിയിട്ടില്ല

ശ്രീ. വേലായുധന് (A3-BA(94941)/2019/10.05.2019) താമസാവശ്യത്തിനുള്ള 105.34ച.മീ. കെട്ടിടം പണിയുന്നതിന് പെർമിറ്റ് ലഭിച്ചിരുന്നു. പണി പൂർത്തീകരിച്ച വീടിന്റെ വിസ്തീർണ്ണം 134.25 ച.മീ. ആണ്.

വിസ്തീർണ്ണത്തിലെ വർദ്ധനവ് = 28.71 ച.മീ.

പെർമിറ്റ് ഫീ = 29 X 7 = 203/-

റഗുലറൈസേഷൻ ഫീ = 203 X 2 = 406/-

ആകെ = 609/-

അധികരിച്ച വിസ്തീർണ്ണത്തിന് ക്രമവത്കരണഫീസ് ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/29.06.2021) മേൽ തുക അടവാക്കിയിട്ടില്ല എന്ന് മറുപടിയാണ് ലഭിച്ചിട്ടുള്ളത്.

## 1-18 നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് തനത് വരുമാനമാക്കാവുന്നതാണ്

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ ഇപ്രകാരം അടവാക്കിയ തുക 98,125/- രൂപയാണ്. ആയതിന്റെ 1% കളക്ഷൻ ചാർജ് ഇനത്തിൽ ഈടാക്കിയിട്ടില്ല. പഞ്ചായത്തിന്റെ തനത് വരുമാനം എന്ന നിലയിൽ തുക ഈടാക്കാവുന്നതാണ്.

## 1-19 ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ ഓഡിറ്റിനായി വാർഷികകണക്കുകൾ സമർപ്പിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങളുടെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷികകണക്കുകളുടെ പരിശോധന നടത്തുന്നതിനായി ഓരോ സാമ്പത്തികവർഷാവസാനവും വാർഷികകണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതുണ്ട്. 2019-20 വർഷത്തിൽ ഗവ. ആയുർവ്വേദ ഡിസ്പെൻസറിയുടെ എച്ച്. എം. സി. ഓഡിറ്റ് നടന്നിട്ടുണ്ട്. ഹോമിയോ ആശുപത്രി പ്രവർത്തനക്ഷമമായിട്ട് അധികനാളുകളായിട്ടില്ലാത്തതിനാൽ വാർഷികകണക്കുകൾ ഇതുവരെ സമർപ്പിച്ചിട്ടില്ല.

മാനേജ്മെന്റ് കമ്മിറ്റിയുടെ 2017-18 വർഷത്തെ വരവ് ചെലവ് കണക്കുകളാണ് ഓഡിറ്റിനായി എഫ്.എച്ച്.സി. സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുള്ളതും. കോവിഡ് 19-മായി ബന്ധപ്പെട്ട ജോലിത്തിരക്കുകൾ കാരണമാണ് തുടർച്ചയായ വർഷങ്ങളിലെ കണക്കുകൾ സമർപ്പിക്കാത്തതിന്റെ കാരണമായി ഓഡിറ്റ് എൻക്വയറിക്ക് (നം.03/20.06.2021) മറുപടിയായി എഫ്.എച്ച്.സി. അറിയിച്ചിട്ടുള്ളത്. വാർഷികകണക്കുകൾ താമസംവിനാ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-20 ദുരിതാശ്വാസ നിധി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

2003കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർദ്ദനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതുമാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

11.6.19 തിയതിയിലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി (തീരുമാനം നം.8(3)) ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. ഇതിനായി ജില്ലാ സഹകരണബാങ്ക് കുന്നംകുളം ബ്രാഞ്ചിൽ നമ്പർ 80013413361 എന്ന അക്കൗണ്ട് ആരംഭിക്കുകയുണ്ടായി. എന്നാൽ നാളിതു വരെ ദുരിതാശ്വാസ നിധി പ്രവർത്തനം ആരംഭിച്ചിട്ടില്ല. നിധിയിലേക്ക് തുക

സമാഹരിക്കുന്നതിനും നടപടികളൊന്നും സ്വീകരിച്ചതായും കാണുന്നില്ല. ദുരിതാശ്വാസ നിധി നല്ല രീതിയിൽ പരിപാലിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. (എൻക്വയറി നം.5/27.6.21)

## 1-21 താല്ക്കാലിക നിയമനങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമായില്ല

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈബ്രേറിയൻ, പാർക്ക് കീപ്പർ, ജീപ്പ് ഡ്രൈവർ എന്നീ തസ്തികകളിൽ ഓഡിറ്റ് വർഷക്കാലം മുഴുവനും നിയമിച്ച് വേതനം വിതരണം ചെയ്തിട്ടുള്ളതാണ്. 26.02.2016ലെ സർക്കാർ ഉത്തരവ് (അച്ചടി)നം.28/2016/ധന. പ്രകാരം താല്ക്കാലിക നിയമനങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി നേടേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ദിവസവേതനം/താത്ക്കാലിക നിയമനങ്ങൾ 05.02.14ലെ 'ലേബർ ആന്റ് റീഹാബിലിറ്റേഷൻ (ജി) ഡിപ്പാർട്ട്മെന്റ്' സർക്കുലർ നം.25941/G2/2013/LBR, പ്രകാരം പി.എസ്.സി.നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേയ്ക്കുമുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് മുഖേനയായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. 1.11.2017 ലെ 3/3(1) തീരുമാന പ്രകാരം താൽക്കാലികമായി രണ്ട് ജീവനക്കാരെ നിയമിക്കുന്നതിനുള്ള അനുമതിയ്ക്കായി സർക്കാരിലേയ്ക്ക് അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 12.10.2018 ന് കത്ത് നൽകിയതായും കാണുന്നു. (ഫയൽ നം.എ5/56/18) എന്നാൽ നാളിതുവരെ സർക്കാർ അനുമതി ലഭ്യമായിട്ടില്ല. ആയതിനാൽ മേൽ നിയമനങ്ങളിൽ സർക്കാർ അനുമതി ലഭ്യമാക്കേണ്ടതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.20/28.6.21)

## 1-22 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ- രേഖകൾ ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതികൾ-രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്റ്റ് | ബിൽ നം /തിയ്യതി- | തുക | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|
| ഐ.കെ.എം വിഹിതം (1/20) | 21/19-20 തി-25-9-19 | 44,223 | വിനിയോഗ സാക്ഷ്യ പത്രം |
| കാൻ തൃശ്ശൂർ- വിഹിതം നൽകൽ (119/19-20) | 24/19-20 തി-30-9-19 | 50,000 | വിനിയോഗ സാക്ഷ്യ പത്രം |
| കുറുനെല്ലി പറമ്പ് കുടിവെള്ള പദ്ധതി (96/19-20) | 1)ചെക്ക് നം-2338034/19-20 തിയ്യതി 25-3-20<br>2-)66/19-20 തി-25-3-20 | 5,00,000 | പ്രവർത്തി പൂർത്തീകരണത്തിനു ശേഷമുള്ള ബാലൻസ് തുകയായ 33976 രൂപ തിരികെ ലഭിച്ചതിന്റെ രേഖകൾ |
| അങ്കണവാടി ഹെൽപ്പർ വർക്കർ ഹോണറേറിയം (133/19-20) | 26/19-20 തിയ്യതി 16-10-19 | 2,48,200 | ട്രഷറി ചലാൻ |
| അയ്യംപറമ്പ് കുടിവെള്ള പദ്ധതി (97/20) | 97-/19-20 തിയ്യതി 16-7-19,<br>51/19-20- തിയ്യതി29-2-20 | 1,20,000<br>14,235 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം, ബിൽ, യീൽഡ് ടെസ്റ്റ് നടത്തിയതിന്റെ റിപ്പോർട്ട് |
| കോമൺഫെസിലിറ്റി സെൻറർ വിഹിതം (48/20) | 28/19-20 തിയ്യതി ബിൽ ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല | 3,00,000 | ബ്ളോക്ക് പഞ്ചായത്തിൽ നിന്നുള്ള രശീതി, വിനിയോഗ സാക്ഷ്യപത്രം |
| വിവിധ കുടിവെള്ള പദ്ധതികളുടെ റിപ്പയറിംഗ് (121/20) | 33/19-20 തിയ്യതി ബിൽ ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല | 2,10,000<br>1,60,000 | പ്രവർത്തി പൂർത്തീകരിച്ചതിനു ശേഷമുള്ള |

| | | | |
|---|---|---|---|
| | ചെക്ക് നം-3950972/5-11-19 | | ബാലൻസ് തുകയായ 42,591 രൂപ തിരികെ ലഭിച്ചതിന്റെ രേഖകൾ |
| | ആകെ | 8,53,225 | |

പരാമർശ പ്രകാരമുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-23 ലൈബ്രറിയിലേക്കും വനിതാ കേന്ദ്രത്തിലേക്കും ആനുകാലികങ്ങൾ വാങ്ങി നൽകൽ -സബ്സിഡി മാർഗ്ഗരേഖയിൽ വ്യവസ്ഥയില്ല

പ്രോജക്റ്റ് – ലൈബ്രറിയിലേക്കും വനിതാ കേന്ദ്രത്തിലേക്കും ആനുകാലിക പ്രസിദ്ധീകരണങ്ങൾ വാങ്ങൽ (6/20)

ബിൽ നം -12/19-20 തിയ്യതി-8-7-19 തുക-6714

ബിൽ നം -22/19-20 തിയ്യതി-25-9-19 തുക-4490

ബിൽ നം -25/19-20 തിയ്യതി-16-10-19 തുക-2610

ബിൽ നം -34/19-20 തിയ്യതി-14-11-19 തുക-2280

ബിൽ നം -40/19-20 തിയ്യതി-12-2-20 തുക-4498

ബിൽ നം -44/19-20 തിയ്യതി രേഖപ്പെടുത്തിയിട്ടില്ല തുക-2310

ബിൽ നം -5519-20 തിയ്യതി-13-3-20 തുക-2258

അറിവകം, വനിത കേന്ദ്രം എന്നിവയിലേക്ക് പത്രമാസികകൾ, ആനുകാലികങ്ങൾ എന്നിവ വാങ്ങുന്നതിനായി ശ്രീ.പ്രദീപ്.പി.കെ എന്നവർക്ക് മേൽ പ്രകാരം തുക നൽകിയിട്ടുണ്ട്. 2019-20 വർഷത്തെ പദ്ധതി സബ്സിഡി മാർഗ്ഗരേഖകൾ പ്രകാരം ഇത്തരത്തിലുള്ള പദ്ധതികൾ ഏറ്റെടുക്കാൻ വ്യവസ്ഥ ഇല്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയക്ക് അനുസൃതമാകാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-24 സീനിയേഴ്സ് കോർണ്ണർ നിർമ്മാണം-കോസ്റ്റ് ഫോർഡിന് അധിക തുക അനുവദിച്ചത് തിരികെ ഈടാക്കേണ്ടതാണ്

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
പ്രോജക്റ്റ് – സീനിയേഴ്സ് കോർണർ നിർമ്മാണം (107/19-20)

1)ബിൽ നം 107/19-20 തിയ്യതി-28-5-19 തുക-160000

2)ബിൽ നം 14/19-20 തിയ്യതി-19-7-19തുക-200000

3)ബിൽ നം 32/19-20 തിയ്യതി-14-11-19തുക-210000

പഞ്ചായത്തിലെ സീനിയേഴ്സ് കോർണർ എന്ന പദ്ധതിയ്ക്കായി 2019-20 വർഷം 5,70,000 രൂപയും 2018-19 വർഷം 2,14,000 രൂപയും അടക്കം ആകെ 7,84,000 രൂപ കോസ്റ്റ്ഫോർഡിന് കൈമാറിയിട്ടുണ്ട്. സ്ഥാപനം ഹാജരാക്കിയിരിക്കുന്ന ഫൈനൽ ബിൽ പ്രകാരം ആകെ പ്രവർത്തി മൂല്യം 6,96,207.9 രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിവിധ ബില്ലുകളിൽ നിന്നായി നിർബന്ധമായും ഈടാക്കേണ്ട 36000 രൂപ കിഴിച്ച് ബാക്കി 748000 രൂപ സ്ഥാപനം കൈപ്പറ്റിയിട്ടിട്ടുണ്ട്. അധികം കൈപ്പറ്റിയ 51,793/- രൂപ കോസ്റ്റ്ഫോർഡിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 വാർഡ് തല സമിതിക്ക് നൽകിയ തുകയുടെ ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡ് തല സമിതിക്ക് നൽകിയ തുകയുടെ ചെലവ് വിവരം പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.വിശദ വിവരം ചുവടെ.

ഫണ്ട് -130000/- (ശുചിത്വ മിഷൻ), -65000/- (തനത് ഫണ്ട്)

വൗച്ചർനമ്പർ -(1) 21900112/22.05.19, (2)21900264/10.07.19

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വാർഡ് തല സാനിറ്റേഷൻ കമ്മിറ്റികൾക്ക് മേൽ രേഖപ്പെടുത്തിയ വൗച്ചറുകൾ പ്രകാരം 1,95,000/- (130000+65000) രൂപ നൽകിയിട്ടുണ്ട്. തുക വാർഡ് തല സാനിറ്റേഷൻ കമ്മിറ്റികളുടെ കൺവീനർമാരുടെ അക്കൗണ്ടിലേക്ക് നൽകി കാണുന്നു. മേൽ തുകയുടെ ചെലവ് രേഖകൾ പൂർണ്ണമായും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.18/28.6.21

## 1-26 വി ഇ ഒ നിർവഹണോദ്യോഗസ്ഥനായ പദ്ധതികൾ- രേഖകൾ ഹാജരാക്കിയിട്ടില്ല-

## തുക തടസ്സപ്പെടുത്തുന്നു

1) പ്രോജക്റ്റ് നം-24/19-20

ബിൽ നം-30/19-20 തിയ്യതി-18-2-20 തുക-50,000

മേൽ പദ്ധതി പ്രകാരം ലീല പി കെ, പന്തല്ലൂർ ഹൗസ്, പന്തല്ലൂർ എന്നവർ വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം ആദ്യ ഗഡു 25000 രൂപ കൈപ്പറ്റിയിട്ടുള്ളതാണ്. ടിയാരി പണി പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റി Valuation Certificate ഹാജരാക്കിയതായി ഫയലിൽ കാണുന്നില്ല. ആയത് ലഭ്യമാക്കും വരെ ചെലവു തുക 25,000/- തടസ്സപ്പെടുത്തുന്നു.

2)പ്രോജക്റ്റ് നം-117/19-20

പ്രോജക്റ്റ് – വീട് വാസയോഗ്യമാക്കൽ (പട്ടിക ജാതി)

ബിൽ നം-1/19-20 തിയ്യതി-3-7-19 തുക-50000

ബിൽ നം-3/19-20 തിയ്യതി-12-7-19 തുക-100000

മേൽ പദ്ധതി പ്രകാരം തങ്ക തങ്കപ്പൻ, പ്രേമൻ, കല്യാണി എന്നവർക്ക് ധന സഹായം അനുവദിച്ചിട്ടുണ്ട്. ഇവർക്ക് ബ്ളോക്ക് പട്ടികജാതി വികസന ഓഫീസിൽ നിന്നും ഈയിനത്തിൽ ധനസഹായം ലഭിച്ചിട്ടില്ല എന്നതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 1,50,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-27 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ-തുക തിരിച്ചടവാക്കിയ രേഖകൾ ലഭ്യമാക്കേണ്ടതാണ്

പദ്ധതി നം. S0035/20
അടങ്കൽ - 55000രൂപ (വികസനഫണ്ട് ജനറൽ-1000, ജില്ലാ പഞ്ചായത്ത് വിഹിതം-54000)

ചെലവ് -19,811രൂപ (ചെക്ക് നം.2237987 /14.02.20)

വാങ്ങുന്ന സാധനങ്ങളുടെ ബിൽ വിവരങ്ങൾ, തീയതി, തരം, എണ്ണം, ആർക്കു വിതരണം ചെയ്തു എന്നിവ രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. പദ്ധതി പ്രകാരം കെൽട്രോണിൽ നിന്നും ഇൻവോയ്സ് നം . PR/66/19-20 Dtd.22.01.20 പ്രകാരം ഹിയറിംഗ് എയ്ഡ്- 1, തെറാപ്പി മാറ്റ് -1 എന്നിങ്ങനെയാണ് വാങ്ങിയത്. ആയതിൽ ഒരു ഗുണഭോക്താവ് മരണപ്പെട്ടതിനാൽ തെറാപ്പി മാറ്റ് വിതരണം ചെയ്യാതെ മടക്കി നൽകുകയും ആയതിന്റെ വില 6,111 രൂപ ഡി.ഡി നം. 533986/27.10.20 പ്രകാരം കെൽട്രോൺ മടക്കി നൽകുകയും ചെയ്തു. ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് വരവു വെച്ചതിന്റേയും, ജില്ലാ പഞ്ചായത്ത് / സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കിയതിന്റേയും രേഖകൾ പരിശോധനക്ക് നൽകേണ്ടതാണ്.

## 1-28 ഫിസിയോ തെറാപ്പി കേന്ദ്രം -രേഖകൾ ലഭ്യമാക്കിയില്ല -ചെലവ് തുക തടസ്സത്തിൽ വെക്കുന്നു

പ്രോജക്ട്- ഫിസിയോ തെറാപ്പി കേന്ദ്രം - തുടർ പ്രവർത്തനം (S0099/20)

അടങ്കൽ - 150000 രൂപ (വികസന ഫണ്ട് ജനറൽ)

ചെലവ് -1,09,800 രൂപ വൗച്ചർ നം, തിയതി, തുക -2190044/16.09.19-36,000/-

21901034/15.02.20 –49200/-, 21901070/13.3.20 –24,600/-

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി ഫിസിയോതെറാപ്പി കേന്ദ്രം ആരംഭിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടില്ല (ഇക്കാര്യം മുൻ റിപ്പോർട്ടിലും പരാമർശിച്ചിരുന്നു). പക്ഷേ പദ്ധതി പ്രകാരം ഫിസിയോ തെറാപ്പി കേന്ദ്രത്തിൽ ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിച്ച് പ്രതിദിനം 600 രൂപ നിരക്കിൽ വേതനം നൽകിയിട്ടുണ്ട് . നിയമനകരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സർക്കാർ അനുമതി, മറ്റ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ 1,09,800 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 വൃദ്ധർക്ക് കട്ടിൽ (ജനറൽ)-രേഖകൾ ഹാജരാക്കേണ്ടതാണ്

പദ്ധതി നം- S0033/20

അടങ്കൽ - 217500 രൂപ (വികസന ഫണ്ട് ജനറൽ)

ചെലവ് 2,15,000 രൂപ വൗച്ചർ നം.21900792/28.12.19- 98,900/-

21900793/28.12.19- 1,16,100/-

പദ്ധതിയുടെ ഭാഗമായി 50 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം നടത്തി. താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പമുള്ള റേഷൻകാർഡിന്റെ പകർപ്പ് പ്രകാരം അവർ ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിലുള്ളവരല്ല.

A) കുഞ്ഞുമോൾ, കക്കാട് വീട് - കുന്നംകുളം നഗരസഭ

B) ചിന്ന വർഗ്ഗീസ്, മണ്ടുമ്പാൽ - കടങ്ങോട് ഗ്രാമ പഞ്ചായത്ത്

പ്രസ്തുത തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഇവർ മുമ്പ് ഇതേ ആനുകൂല്യം കൈപ്പറ്റിയില്ല എന്ന സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-30 ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നില്ല

2019-20 വർഷത്തിൽ അംഗീകാരം ലഭിച്ച 49 മരാമത്ത് പ്രവൃത്തികളിൽ 23എണ്ണം മാത്രമാണ് നടപ്പാക്കിയത്. ബാക്കി 26 എണ്ണം ഓഡിറ്റ് വർഷം ചെലവ് ഇല്ലാത്തതാണ്. ഓഡിറ്റ് വർഷം വകയിരുത്തിയ ആകെ തുക 3,11,85,032 രൂപയാണ്. ഇതിൽ 1,08,95,283 രൂപ മാത്രമാണ് ചെലവഴിച്ചത്. ആകെ ചെലവ് 35% മാത്രം.

ടെണ്ടർ ചെയ്ത ആകെ 30 പ്രവൃത്തികളിൽ 27 എണ്ണത്തിലും രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഇവയിൽ ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിലും മറ്റേയാൾ എസ്റ്റിമേറ്റിനെക്കാൾ ഉയർന്ന നിരക്കിലും ടെണ്ടർ രേഖപ്പെടുത്തുന്നു. ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളിലും മേൽപ്പറഞ്ഞ രീതിയിൽ രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുന്നതായി ലഭിച്ച ടെണ്ടറുകളുടെ എണ്ണവും ക്വോട്ട് ചെയ്ത നിരക്കുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മാത്രമല്ല ഇങ്ങനെ ധാരണയിലെത്തുന്നത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യത്തിന് നിരക്കുന്നതുമല്ല. ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി സമയോജിത ഇടപെടൽ നടത്തേണ്ടതും ജാഗ്രത പുലർത്തേണ്ടതുമാണ്.

## 1-31 മുടങ്ങി കിടക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പൊതു ശ്മശാനത്തിൽ ആധുനിക ക്രിമിറ്റോറിയം പണിയുന്നതിന് 97,90,000 രൂപ അടങ്കലായി 2017-18 വർഷം പദ്ധതി രൂപീകരിക്കുകയുണ്ടായി. 19.9.2017 ൽ കോസ്റ്റ്ഫോർഡുമായി കരാറിൽ ഏർപ്പെടുകയും മുൻകൂറായി 19,58,000 രൂപ കൈമാറുകയുമുണ്ടായി. എന്നാൽ പ്രദേശവാസികളുടെ ശക്തമായ എതിർപ്പുകൾ മൂലം പദ്ധതി ഉപേക്ഷിക്കപ്പെട്ടു. തുടർന്ന് മുൻകൂറായി നൽകിയ തുക പലിശ സഹിതം തിരികെ നൽകേണ്ടതാണെന്ന് കാണിച്ച് അസി.എഞ്ചിനീയർ കോസ്റ്റ്ഫോർഡിന് പലവട്ടം കത്ത് നൽകിയിട്ടും യാതൊരു മറുപടിയും ലഭ്യമായില്ല എന്ന് ഫയലിൽ കാണുന്നു.

20.4.20 ൽ 5,25,918 രൂപയുടെ അളവുപുസ്തകം ഉൾപ്പെടെ പാർട്ട് ബില്ലും നൽകിയ മുഴുവൻ തുകയുടെയും വിനിയോഗസാക്ഷ്യപത്രവും നൽകിയതായി കാണുന്നു. ചെയ്യാത്ത പ്രവൃത്തിക്ക് വിനിയോഗസാക്ഷ്യപത്രം നൽകിയ പ്രവർത്തി ക്രമ രഹിതമാണ്.

പഞ്ചായത്ത് കമ്മിറ്റിയുടെ 17.8.20 ലെ 9(1) തീരുമാനപ്രകാരം പാർട്ട് ബില്ല് പ്രകാരമുള്ള തുക കഴിച്ച് ബാക്കി തുക തിരികെ അടവാക്കുന്നതിന് കോസ്റ്റ് ഫോർഡിനോട് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു. 19.8.20 ന് ടി തീരുമാനം കോസ്റ്റ് ഫോർഡിനെ അറിയിച്ചു എങ്കിലും നാളിതുവരെ തുക തിരികെ അടവാക്കിയിട്ടില്ല. തുടർന്ന് പഞ്ചായത്ത് കമ്മിറ്റിയുടെ 21.4.21 ലെ 13(11) നം. തീരുമാനത്തിൽ തുക തിരികെ അടവാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതിന് കളക്ടർക്ക് കത്ത് നൽകുന്നതിനും തീരുമാനം ഉണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതും മുടങ്ങി കിടക്കുന്ന തുക തിരികെ ഈടാക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം.20/28.6.21)

## 1-32 10% ഓവർഹെഡ് ചാർജ് അനുവദിക്കുന്നത് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല

PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു. 2019-20 വർഷത്തിൽ നിർവഹിച്ച റോഡ് ടാറിംഗ് പ്രവൃത്തികളുടെ എസ്ററിമേറ്റുകളിൽ ഉൾപ്പെടുത്തിയ ഇനങ്ങളുടെ ഡാറ്റയിൽ 10% OH ഉം 10% CP യും ഉൾപ്പെടുന്നുണ്ട്. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

കൂടാതെ PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു. DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യുഡിമാന്വൽ, മേൽസൂചിപ്പിച്ച സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.19/28.6.21)

## 1-33 കരാറുകാരൻ ക്വാട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താതെ പ്രതിഫലം നൽകിയത് - അധികതുക ഈടാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പ്രൊജക്ടിന്റെ നിർവ്വഹണം പൂർത്തീകരിച്ചപ്പോൾ, ആകെ പ്രവൃത്തി മൂല്യം പ്രസ്തുത പ്രൊജക്ടിൽ കരാറുകാരൻ ക്വാട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താതെ, മുഴുവൻ പ്രവൃത്തിമൂല്യവും അനുവദിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പുതുക്കിയ സാങ്കേതിക അനുമതി വാങ്ങിയിട്ടുണ്ടെങ്കിലും കരാറുകാരൻ ക്വാട്ട് ചെയ്ത തുകയിൽമാറ്റം വന്നിട്ടില്ല. ആയതിനാൽ ഇപ്രകാരം തുകപരിമിതപ്പെടുത്താതെ അനുവദിച്ചുമൂലം കരാറുകാരന് അർഹമായതിലും അധികം തുക ലഭിക്കാൻ ഇടയായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് – വിവിധ കാനകളുടെ നിർമ്മാണം (102/20)

അടങ്കൽ : 605520 (വികസന ഫണ്ട്)

കരാർ നം : 32/19-20, തീ.22.10.19

എ) അംഗീകരിച്ച നിരക്ക് - 524737 (എസ്റ്റിമേറ്റ് നിരക്ക്)

ബി) കരാറുകാരന്റെ പേര് - അബീബ് റഹ്മാൻ.പി.എം

ഡി) പ്രവൃത്തി മൂല്യം - 526279

ഇ) അനുവദിച്ച തുക – 589433/- (526279+63153) 12% GST ഉൾപ്പെടെ) ബിൽനം. 27/19-20, 24.1.2020

എഫ്) അധികം നൽകിയത് - 526279 - 524737 = 1542/-

അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 10/27.6.21)

## 1-34 നിയമ പ്രകാരമുള്ള പിഴ ഈടാക്കി അറിയിക്കേണ്ടതാണ്

2013 ൽ പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ അനുസരിച്ച് കരാറുകാരന്റെ വീഴ്ച മൂലം പ്രൊജക്ട് നിർവ്വഹണത്തിൽ കാലതാമസം വരുന്ന സന്ദർഭങ്ങളിൽ, കരാറുകാരൻ പ്രൊജക്ട് നിർവ്വഹണ കാലയളവ് ദീർഘിപ്പിക്കുന്നതിന് രേഖാമൂലം അപേക്ഷ നൽകണം. അപേക്ഷ പരിശോധിച്ച് സ്വീകാര്യമാണെന്ന് കാണുന്ന പക്ഷം പ്രൊജക്ട് നിർവ്വഹണ കാലയളവ് പ്രൊജക്ട് അടങ്കലിന്റെ 1% പിഴ ഈടാക്കിക്കൊണ്ട് യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 25% ദീർഘിപ്പിച്ച് നൽകാവുന്നതാണ്. പ്രൊജക്ട് അടങ്കലിന്റെ 2% പിഴ ഈടാക്കിക്കൊണ്ട് ഇപ്രകാരം ഒരു തവണ കൂടി യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 25% വരെ നിർവ്വഹണ കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 50% ൽ അധികരിച്ച് പ്രൊജക്ട് നിർവ്വഹണ സമയം ദീർഘിപ്പിച്ച് നൽകാൻ പാടില്ല. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ 2019-20 വർഷം നിർവ്വഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണത്തിന് കരാർ എടുത്ത കരാറുകാരൻ പ്രവൃത്തി കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാലയളവിനുള്ളിൽ പൂർത്തിയാക്കിയിട്ടില്ല. എന്നാൽ ഇപ്രകാരം കരാർ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരനെതിരെ പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുന്ന വിധം നടപടികൾ സ്വീകരിക്കുകയോ, സെക്ഷൻ 2112.1 പ്രകാരം കരാറുകാരനിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രോജക്ട്, അടങ്കൽ, കരാറുകാരൻ | പൂർത്തീകരിക്കേണ്ട തീയതി<br>പൂർത്തീകരിച്ച തീയതി<br>കാലതാമസം | ചെലവ് വിവരം | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | പഴന്നാന മാന്തോപ്പ് റോഡ് റീടാറിംഗ് (112/20)<br>അടങ്കൽ തുക -<br>1000000<br>Agreed PAC-943967<br>കരാർ നമ്പർ – 36/18-19,22.1.19<br>അളവുപുസ്തകം – 67/17-18<br>പി.എച്ച്.അഷ്റഫ് | 31.3.19<br>26.10.19<br>7 മാസം | 9,43,961<br>15/19-20,<br>9.12.19 | പൂർത്തീകരണ കാലയളവിന്റെ<br>ആദ്യത്തെ 25% 45 ദിവസം 943967x1% =9440<br>രണ്ടാമത്തെ 25% 45 ദിവസം 943967x2% =18879<br>ആകെ – 9440+18879 = 28319 |
| | ആകെ തുക | | | 28,319/- |

പ്രവർത്തന കലണ്ടർ പ്രകാരം സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാത്തതിനാൽ പിഴ ഈടാക്കി അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 11/27.6.21)

## 1-35 ജി.എസ്.ടി. കോമ്പൻസേഷൻ നൽകിയത് - കരാറുകാരൻ ജിഎസ്.ടി അടച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. എഞ്ചിനീയർ

താഴെപ്പറയുന്ന പ്രവൃത്തിക്ക് 12% ജി.എസ്.ടി. കോമ്പൻസേഷൻ കൂടി ചേർത്ത തുക കണക്കാക്കിയാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. ബില്ലിൽ നിന്ന് ജി.എസ്.ടി. ഈടാക്കിയിട്ടില്ല. ഇപ്രകാരം ജി.എസ്.ടി. കോമ്പൻസേഷൻ നൽകുമ്പോൾ കരാറുകാരൻ ജി.എസ്.ടി. സർക്കാരിലേക്ക് അടച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതായിരുന്നു. എന്നാൽ ജി.എസ്.ടി. അടച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

| പ്രൊജക്ട് , പ്രൊജക്ട് നം., അടങ്കൽ | കരാറുകാരൻ, കരാർ നമ്പർ | അളവ് പുസ്തകം | ചെലവഴിച്ച തുക | ജി.എസ്.ടി. നൽകിയ തുക |
|---|---|---|---|---|
| പുതുശ്ശേരി കോളനി റോഡ് (95/20) 196000 | അബീബ് റഹ്മാൻ 20/19-20,26.9.19 | 101/18-19/18-19 | 183654 22/19-20, 18.12.19 | 19,677 |
| ആകെ തുക | | | | 19,677/- |

കരാറുകാരൻ സർക്കാരിലേക്ക് ജി.എസ്.ടി. അടച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. 19,677/- രൂപ തടസ്സത്തിൽ വെക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 12/27.6.21)

## 1-36 രജിസ്റ്ററുകൾ/രേഖകൾ എന്നിവ പരിപാലിക്കുന്നില്ല

പൊതുമരാമത്ത് പ്രവൃത്തികളുടെ പരിശോധനയ്ക്കായി താഴെ പറയുന്ന രജിസ്റ്ററുകൾ/രേഖകൾ എന്നിവ 13/28.06.2021 നമ്പർ ഓഡിറ്റ് എൻക്വയറി മുഖേനെ ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നതാണ്.

1. എഗ്രിമെന്റ് രജിസ്റ്റർ
2. എം ബുക്കുകളുടെ രജിസ്റ്റർ
3. നിർമ്മാണസ്ഥലത്തെ സാധനങ്ങളുടെ രജിസ്റ്റർ
4. ദർഘാസ് ഫോറങ്ങളുടെ രജിസ്റ്റർ
5. ടെണ്ടർ രജിസ്റ്റർ, ഇ-ടെണ്ടർ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടെ രേഖപ്പെടുത്തിയത്
6. റോഡ് രജിസ്റ്റർ
7. ഇ.എം.ഡി. രജിസ്റ്റർ
8. പെർഫോർമൻസ് ഗ്യാരന്റി രജിസ്റ്റർ
9. അഡീഷണൽ പെർഫോർമൻസ് ഗ്യാരന്റി രജിസ്റ്റർ
10. ആസ്തി രജിസ്റ്റർ
11. അടങ്കൽ അനുമതി രജിസ്റ്റർ
12. വകുപ്പുതല സാധനങ്ങളുടെ സ്റ്റോക്കിന്റെയും, വിതരണത്തിന്റെയും രജിസ്റ്റർ
13. റോഡ് കൺക്റ്റിവിറ്റി മാപ്പും, പ്ലാനും
14. പ്രോജക്ട് രജിസ്റ്റർ
15. കാഷ് ബുക്ക്

എന്നാൽ എഗ്രിമെന്റ് രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ, പ്രോജക്ട് രജിസ്റ്റർ, കാഷ് ബുക്ക് എന്നിവ ഒഴികെ മറ്റൊരു രേഖകളും പരിശോധനയ്ക്കായി ഹാജരാക്കുകയുണ്ടായില്ല. ഇവയല്ലാതെ നിയമം അനുശാസിക്കുന്ന മേൽ പരാമർശിച്ച രജിസ്റ്ററുകളൊന്നും പഞ്ചായത്തിൽ പരിപാലിച്ചുവരുന്നില്ല എന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. നിയമം അനുശാസിക്കുന്ന രജിസ്റ്ററുകളും രേഖകളും പരിപാലിക്കുന്നതിന് അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 TDS ഈടാക്കി അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

മഹാത്മഗാന്ധി ദേശിയ തൊഴിലുറപ്പ് പദ്ധതി മുഖേന നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് മെറ്റീരിയൽ വാങ്ങി നൽകുന്നതിനായി ടെണ്ടർ ക്ഷണിച്ച്, മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും നൽകിയ തുകയുടെ 2% TDS ഈടാക്കേണ്ടതാണ്. സെൻട്രൽ ടാക്സ് നോട്ടിഫിക്കേഷൻ നം.50/2018 തീ.13.09.18 പ്രകാരം, സപ്ലൈ ചെയ്ത സാധനങ്ങളുടെ മൊത്തം മൂല്യം രണ്ടര ലക്ഷം രൂപയിൽ അധികമാകുന്ന പക്ഷം നൽകിയ തുകയുടെ 2% TDS ഈടാക്കി NEFT ആയി സർക്കാരിലേക്ക് അടവാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ നോട്ടിഫിക്കേഷന് 01.10.2018 മുതൽ പ്രബല്യമുണ്ടായിരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. അതിൽ പ്രകാരം TDS ഈടാക്കി അടവാക്കിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മെറ്റീരിയൽ വാങ്ങിയതിന്റെ ഇൻവോയ്സും ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. ആയത് കൂടി ഹാജരാക്കേണ്ടതാണ്.

| ക്രമ.നം. | പ്രോജക്ട് | പ്രവൃത്തി | കരാറുകാരന് | കരാറുകാരൻ, | അളവുപുസ്തകം |
|---|---|---|---|---|---|

| | | മൂല്യം | നൽകിയ തുക | ഈടാക്കേണ്ട തുക | |
|---|---|---|---|---|---|
| 1 | മനപ്പടി റോഡ് കോൺക്രീറ്റിംഗ് | 387910 | 333858 | ബാബു.പി.കെ 6677 | 88/19-20 |
| 2 | കുണ്ടുമഠം റോഡ് കോൺക്രീറ്റിംഗ് | 421192 | 358382 | അഭിലാഷ് പി.ജോർജ് 7168 | 150/19-20 |
| 3 | വെള്ളിത്തിരുത്തി കണ്ണംഞ്ചേരി പിഎച്ച്സി റോഡ് കോൺക്രീറ്റിംഗ് | 439853 | 385561 | അഭിലാഷ് പി.ജോർജ് 7711 | 68/19-20 |
| 4 | കിഴക്കുമുറി കോളനി അംഗൻവാടി റോഡ് കോൺക്രീറ്റിംഗ് | 463846 | 409078 | ബാബു.പി.കെ 8182 | 87/19-20 |
| 5 | അരവിന്ദൻ വൈദ്യർ റോഡ് കോൺക്രീറ്റിംഗ് | 303670 | 263236 | അഭിലാഷ് പി.ജോർജ് 5265 | 90/19-20 |
| 6 | ഊക്കനച്ചൻ റോഡ് കോൺക്രീറ്റിംഗ് | 466203 | 380899 | അഭിലാഷ് പി.ജോർജ് 7618 | 79/18-19 |
| 7 | ശാന്തിനഗർ റോഡ് കോൺക്രീറ്റിംഗ് | 378543 | 326233 | അഭിലാഷ് പി.ജോർജ് 6525 | 66/18-19 |
| 8 | വെള്ളിത്തിരുത്തിഭാഗത്ത് പുറമലക്കുന്ന് അയ്യപ്പക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് | 350703 | 288130 | അഭിലാഷ് പി.ജോർജ് 5763 | 62/18-19 |
| 9 | മാത്യൂസ് തിളക്കം റോഡ് കോൺക്രീറ്റിംഗ് | 403170 | 353398 | അഭിലാഷ് പി.ജോർജ് 7068 | 65/18-19 |

ആയതിനാൽ തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും TDS ഈടാക്കി അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. (എൻക്വയറി നം.25/29.6.21)

## 1-38 തൊഴിലുറപ്പ് പദ്ധതി-ക്വാറി മക്ക് ഉപയോഗിച്ചുള്ള ഫില്ലിംഗിന് അധിക നിരക്ക് നൽകിയത്

ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ഫില്ലിംഗ് വിത്ത് ക്വാറി മക്ക് വിത്ത് ലോക്കൽ മെറ്റീരിയൽ എന്നയിനം പ്രവൃത്തിക്ക് ച.മീറ്ററിന് 1262.79 രൂപ നിരക്കാണ് നൽകി കാണുന്നത്. എന്നാൽ പി.ഡബ്ലിയു.ഡി മാന്വൽ 2013 ഖണ്ഡിക51.2.3 പ്രകാരം മേൽ പ്രവൃത്തിക്ക് DSR നിരക്ക് പ്രകാരം അനുവദിക്കാവുന്ന നിരക്ക് ച.മീറ്ററിന് 891.95 രൂപയാണ്. ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന പൊതു മരാമത്ത് പ്രവൃത്തികളിൽ ഇതേയിനം പ്രവൃത്തിക്ക് 891.95 രൂപ നൽകുമ്പോൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഉയർന്ന നിരക്ക് അനുവദിക്കുന്നത് ക്രമപ്രകാരമല്ല. തൊഴിലുറപ്പ് പദ്ധതിയുടെ ബില്ലുകൾ തയ്യാറാക്കുന്ന സോഫ്റ്റ് വെയറിലെ നിരക്കുകൾ രേഖപ്പെടുത്തുന്നതിലുള്ള അപാകത മൂലമാണ് ഇത്തരത്തിൽ സംഭവിക്കുന്നത്. 2019-20 ൽ നടപ്പാക്കിയ മുഴുവൻ പ്രവൃത്തികളിലും ഇപ്രകാരം അധികമായി തുക ചെലവഴിച്ചതായി കാണുന്നു.

വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | അളവ് പുസ്തക നം. | ചെയ്ത അളവ് (ച.മീറ്റർ) | നൽകിയ തുക നൽകാവുന്ന തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | ഊക്കനച്ചൻ റോഡ് നിർമ്മാണം | 79/18-19 | 39 ഇനം-1 | 49249 34786 | 14463 |
| 2 | ശാന്തി നഗർ റോഡ് | 66/18- | 36 | 45460 | 13350 |

| | | | | | |
|---|---|---|---|---|---|
| | നിർമ്മാണം | 19 | ഇനം-1 | 32110 | |
| 3 | വെള്ളിത്തിരുത്തി ഭാഗത്ത്പുറമലക്കുന്ന് അയ്യപ്പക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് | 62/18-19 | 31.80ഇനം-2 | 40157<br>28364 | 11793 |
| 4 | മാത്യൂസ് തിളക്കം റോഡ് നിർമ്മാണം | 65/18-19 | 39 | 49249<br>34786 | 14463 |
| 5 | കിഴക്കുമുറി കോളനി അംഗൻവാടി റോഡ് കോൺക്രീറ്റിംഗ് | 87/19-20 | 44.60<br>ഇനം-1 | 56320<br>39781 | 16539 |
| 6 | വെള്ളിത്തിരുത്തി കണ്ണംഞ്ചേരി പിഎച്ച്സി റോഡ് കോൺക്രീറ്റിംഗ് | 68/19-20 | 42<br>ഇനം-2 | 53037<br>37462 | 15575 |
| 7 | കുണ്ടുമഠം റോഡ് കോൺക്രീറ്റിംഗ് | 150/19-20 | 39<br>ഇനം-1 | 49249<br>34786 | 14463 |
| 8 | അരവിന്ദൻ വൈദ്യർ റോഡ് കോൺക്രീറ്റിംഗ് | 90/19-20 | 28.50ഇനം-1 | 35990<br>25421 | 10569 |
| 9 | വെള്ളിത്തിരുത്തി ബഥനിറോഡിലെ വാട്ടർടാങ്കിന് എതിർവശത്തുള്ള റോഡ് നിർമ്മാണം | 67/19-20 | 13.50<br>ഇനം-2 | 17048<br>12041 | 5007 |
| 10 | മനപ്പടി റോഡ് | 88/19-20 | 36.30<br>ഇനം-1 | 45839<br>32378 | 13461 |
| | ആകെ തുക | | | | 1,29,683/- |

ഇപ്രകാരം കൂടിയ നിരക്കിൽ പ്രവൃത്തി നടപ്പാക്കുന്നതിന് കാരണം തിരക്കി ഓഡിറ്റ് എൻക്വയറി നം. 26/29.6.21 നൽകിയതിന് മറുപടിയായി, തൊഴിലുറപ്പ് പദ്ധതിക്ക് എസ്റ്റിമേറ്റുകൾ ഉണ്ടാക്കാനായി നിർമ്മിച്ച് നൽകിയിട്ടുള്ള Secure എന്ന സോഫ്റ്റ് വെയർ പ്രകാരമാണ് എസ്റ്റിമേറ്റുകൾ ഉണ്ടാക്കുന്നതെന്നും അതിൽ ഇപ്രകാരം കൂടിയ നിരക്കാണെന്നും പറയുന്നു. എന്നാൽ ഒരേ പ്രവൃത്തി വ്യത്യസ്ത നിരക്കിൽ ചെയ്യുന്നതിലൂടെ സാമ്പത്തിക ബാധ്യത വർദ്ധിക്കുന്നതായി കാണുന്നു. ആയതിനാൽ ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. (എൻക്വയറി നം.26/29.6.21)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 കരാറുകാരൻ ക്വാട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താതെ പ്രതിഫലം നൽകിയത് - അധികം നൽകിയ തുക ഈടാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പ്രൊജക്റ്റിന്റെ നിർവ്വഹണം പൂർത്തീകരിച്ചപ്പോൾ, ആകെ പ്രവൃത്തി മൂല്യം പ്രസ്തുത പ്രൊജക്റ്റിൽ കരാറുകാരൻ ക്വാട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താതെ, മുഴവൻ പ്രവൃത്തിമൂല്യവും അനുവദിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പുതുക്കിയ സാങ്കേതിക അനുമതി വാങ്ങിയിട്ടുണ്ടെങ്കിലും കരാറുകാരൻ ക്വാട്ട് ചെയ്ത തുകയിൽമാറ്റം വന്നിട്ടില്ല. ആയതിനാൽ ഇപ്രകാരം തുകപരിമിതപ്പെടുത്താതെ അനുവദിച്ചുമൂലം കരാറുകാരന് അർഹമായതിലും അധികം തുക ലഭിക്കാൻ ഇടയായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് – വിവിധ കാനകളുടെ നിർമ്മാണം (102/20)

അടങ്കൽ : 605520 (വികസന ഫണ്ട്)

കരാർ നം : 32/19-20, തീ.22.10.19

എ) അംഗീകരിച്ച നിരക്ക് - 524737 (എസ്റ്റിമേറ്റ് നിരക്ക്)

ബി) കരാറുകാരന്റെ പേര് - അബീബ് റഹ്മാൻ.പി.എം

ഡി) പ്രവൃത്തി മൂല്യം - 526279

ഇ) അനുവദിച്ച തുക – 589433/- (526279+63153) 12% GST ഉൾപ്പെടെ) ബിൽനം. 27/19-20, 24.1.2020

എഫ്) അധികം നൽകിയത് - 526279 - 524737 = 1542/-

അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 10/27.6.21)

## 3-2 നിയമപ്രകാരമുള്ള പിഴ ഈടാക്കി അറിയിക്കേണ്ടതാണ്

2013 ൽ പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ അനുസരിച്ച് കരാറുകാരന്റെ വീഴ്ച മൂലം പ്രൊജക്ട് നിർവ്വഹണത്തിൽ കാലതാമസം വരുന്ന സന്ദർഭങ്ങളിൽ, കരാറുകാരൻ പ്രൊജക്ട് നിർവ്വഹണ കാലയളവ് ദീർഘിപ്പിക്കുന്നതിന് രേഖാമൂലം അപേക്ഷ നൽകണം. അപേക്ഷ പരിശോധിച്ച് സ്വീകര്യമാണെന്ന് കാണുന്ന പക്ഷം പ്രൊജക്ട് നിർവ്വഹണ കാലയളവ് പ്രൊജക്ട് അടങ്കലിന്റെ 1% പിഴ ഈടാക്കിക്കൊണ്ട് യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 25% ദീർഘിപ്പിച്ച് നൽകാവുന്നതാണ്. പ്രൊജക്ട് അടങ്കലിന്റെ 2% പിഴ ഈടാക്കിക്കൊണ്ട് ഇപ്രകാരം ഒരു തവണ കൂടി യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 25% വരെ നിർവ്വഹണ കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 50% ൽ അധികരിച്ച് പ്രൊജക്ട് നിർവ്വഹണ സമയം ദീർഘിപ്പിച്ച് നൽകാൻ പാടില്ല. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ 2019-20 വർഷം നിർവ്വഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണത്തിന് കരാർ എടുത്ത കരാറുകാരൻ പ്രവൃത്തി കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാലയളവിനുള്ളിൽ പൂർത്തിയാക്കിയിട്ടില്ല. എന്നാൽ ഇപ്രകാരം കരാർ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരനെതിരെ പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുന്ന വിധം നടപടികൾ സ്വീകരിക്കുകയോ, സെക്ഷൻ 2112.1 പ്രകാരം കരാറുകാരനിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രോജക്ട്, അടങ്കൽ, കരാറുകാരൻ | പൂർത്തീകരിക്കേണ്ട തീയതി<br>പൂർത്തീകരിച്ച തീയതി<br>കാലതാമസം | ചെലവ് വിവരം | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | പഴന്നാന മാന്തോപ്പ് റോഡ് റീടാറിംഗ് (112/20)<br>അടങ്കൽ തുക - 1000000<br>Agreed PAC- 943967<br>കരാർ നമ്പർ – 36/18-19,22.1.19<br>അളവുപുസ്തകം – 67/17-18<br>പി.എച്ച്.അഷ്റഫ് | 31.3.19<br>26.10.19<br>7 മാസം | 9,43,961<br>15/19-20,<br>9.12.19 | പൂർത്തീകരണ കാലയളവിന്റെ<br>ആദ്യത്തെ 25% 45 ദിവസം 943967x1% =9440<br>രണ്ടാമത്തെ 25% 45 ദിവസം 943967x2% =18879<br>ആകെ – 9440+18879 = 28319 |
| | ആകെ തുക | | | 28,319/- |

പ്രവർത്തന കലണ്ടർ പ്രകാരം സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാത്തതിനാൽ പിഴ ഈടാക്കി അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 11/27.6.21)

## ഭാഗം -4

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 200000 | കിണർ റിച്ചാർജ് (സുജലം) 118/20 | 56000 | 144000 |
| | 2019-20 | 156240 | പാലിയോറ്റീവ് കെയർ 13/20 | 100000 | 56240 |
| | 2019-20 | 500000 | കുറുനെല്ലിപ്പറമ്പ് റോഡ് റീടാറിംഗ് 46/20 | 454089 | 45911 |
| | 2019-20 | 100000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് 93/20 | 100000 | 0 |
| | 2019-20 | 54000 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വിതരണം 35/20 | 19111 | 34889 |
| | 2019-20 | 990000 | ചെമ്മണർഗ്രാമം ബൈലൈൻ 62/20 | 854139 | 135861 |
| | 2019-20 | 990000 | 'ചാത്തൻക്കോട് കാടച്ചാൽ പഴന്നാന റോഡ് 101/20 | 0 | 990000 |
| | 2019-20 | 300000 | കൗമാരക്കാർക്ക് സൗഹൃദകേന്ദ്രം (കുറുനെല്ലിപ്പറമ്പ് അംഗൻവാടി) 129/20 | 300000 | 0 |
| | 2019-20 | 100000 | സ്ട്രീറ്റ്മെയിൻ നീട്ടൽ 11/20 | 66451 | 33549 |
| | 2019-20 | 300000 | വിവിധ അംഗൻവാടികളുടെ അറ്റകുറ്റപണികൾ 132/20 | 300000 | 0 |
| | 2019-20 | 50000 | സമഗ്രപച്ചക്കറി വികസനം 23/20 | 50000 | 0 |
| | 2019-20 | 200000 | അനുപൂരക പോഷകാഹാരം 92/20 | 200000 | 0 |
| | 2019-20 | 500000 | വയോജന സൌഹൃദ വനിതാ പരിശീലന കേന്ദ്രം | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 25000 | ക്ഷീരസഹകരണസംഘങ്ങളിൽ പാലളക്കുന്നകർഷകർക്ക് പാലിന് സബ്സിഡി 36/20 | 25000 | 0 |
| | 2019-20 | 200000 | ചെമ്മന്തിട്ട ബൈപാസ് റോഡ് 59/20 | 200000 | 0 |
| | 2019-20 | 100000 | മലേഷ്യൻ കമ്പനി റോഡ് 68/20 | 98469 | 1531 |
| | 2019-2000 | 200000 | ജോഷി തോമസ് റോഡ് 69/20 | 200000 | 0 |
| | 2019-20 | 400000 | കുറുനെല്ലിപറമ്പ് കുടിവെള്ളപദ്ധതി 96/20 | 400000 | 0 |
| | 2019-20 | 300000 | പുതുകുളം പുനരുദ്ധാരണം 124/20 | 0 | 300000 |
| | 2019-20 | 200000 | ഒഴുക്കുംപ്പാറകുളം പുനരുദ്ധാരണം 125/20 | 0 | 200000 |
| | 2019-20 | 221640 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് 93/20 | 164800 | 56840 |
| | 2019- | 150000 | അനുപൂരക പോഷകാഹാരം | 150000 | 0 |

| | | | | | |
|---|---|---|---|---|---|
| | 20 | | 92/20 | | |
| | 2019-20 | 119992 | പാലിയേറ്റീവ് കെയർ 13/20 | 119992 | 0 |
| | 2019-20 | 216200 | ലൈഫ് ഭവനപദ്ധതി 15/20 | 216200 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | | | OB 320616 | | 433064 |
| | സ്ട്രീറ്റ് മെയിൻ ലൈൻ നീട്ടൽ (11/20) | 21900979, | 27619 | 0 | |
| | ,, | 21901025 | 66451 | 0 | |
| | ഇലക്ട്രിക് പോസ്റ്റ് മാറ്റി വെക്കൽ (51/20) | 21901064 | 18378 | 0 | |
| KWA | NIL | NIL | OB- 823660 | 0 | 823660 |
| GWD | | | OB 1292253 | | |
| | കുറുനെല്ലിപ്പറമ്പ് DWS (96/20) | 21900530 | 500000 | 88022 | 411978 |
| | അയ്യംപറമ്പ് DWS (97/20) | 21900531 | 89935 | 0 | 89935 |
| | വിവിധ കുടിവെള്ള പദ്ധതികളുടെ റിപ്പയറും പൈപ്പ് ലൈൻ നീട്ടലും (121/20) | 21900970/ 29.10.19 21900553/ 05.11.19 | 210000 160000 | 156440 | 213560 |
| Costford | ക്രിമറ്റോറിയം | NIL | OB- 1958000 | 525918 | 1432082 |

ലഭ്യമാക്കിയ വിവരങ്ങളാണ് ചേർത്തത്. ആയത് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലൈഫ് പദ്ധതി | സ.ഉ. (എം.എസ്.) നം.151/2017/ | 3980000 | 3980000 | 323530 | - | 3256470 |

| | | | | | | |
|---|---|---|---|---|---|---|
| | ത.സ്വ.ഭ.വ. തിയതി.31/07/17 | | | | | |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| | 5000 | |
| ആകെ | 5000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2018-19 | | 900 | ലിജോ ഡി.ജെ. (റേഷൻ കടയുടമ) | 119030102603 18/19/2019 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | സ്വീകരിച്ച നടപടി |
|---|---|---|---|---|
| | 2014-2015 | 2.3 | തൊഴിൽ നികുതി -അപാകതകൾ തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്ററിൽ എഴുതിയ എല്ലാ സ്ഥാപനങ്ങളുടെയും റിട്ടൺസ് ഫയലിൽ കാണുന്നില്ല. | 2014-15 തൊഴിൽ നികുതി കെ.എസ്.ഇ.ബി കാണിപ്പയ്യൂർ, കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ ,പഴഞ്ഞി എന്നീ സ്ഥാപനങ്ങളുടെ റിട്ടേൺസ് സൂക്ഷിച്ചിട്ടുള്ളതാണ്. എന്നാൽ ക്ളാസിക് പെയിൻറ് റോളേഴ്സ് & അലൈഡ് പ്രോഡക്ട്സ് ,കാണിപ്പയ്യൂർ എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ് രജിസ്റ്ററിൽ ചേർക്കുവാൻ വിട്ടുപോയിട്ടുള്ളതാണ്. രജിസ്റ്ററിൽ ചേർത്ത് ടി ന്യൂനത പരിഹരിച്ചിട്ടുള്ളതാണ്. ബ്ലൂമിംഗ് ബഡ്സ് ബതാനിയ സ്കൂളിലെ 104 ജീവനക്കാരുടെ തൊഴിൽ നികുതിയായ 58810/- രൂപ സാംഖ്യ പ്രകാരം |

| | | | | |
|---|---|---|---|---|
| | | | | അടവാക്കിയിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ 90 പേരുടെ പേരുവിവരങ്ങൾ മാത്രം രേഖപ്പെടുത്തിയിട്ടുള്ളൂ. ആയത് റിട്ടേൺസ് പ്രകാരമുള്ള ജിവനക്കാരുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. |
| 2 | 2015-2016 | 2.3 | തൊഴിൽ നികുതി -അപാകതകൾ<br>അ)ചൊവ്വന്നൂർ പോസ്റ്റോഫീസിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കിയില്ല.<br>ആ) കല്യാണ മണ്ഡപങ്ങൾ / ഓഡിറ്റോറിയങ്ങൾ, റേഷൻ ഡീലർമാർ, കരാറുക്കാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. | 2015-2016 വർഷത്തിൽ അടവാക്കേണ്ടതായ തൊഴിൽ നികുതി 2016-2017വർഷത്തിൽ പിഴയടക്കം 31.10.2016 തിയ്യതിയിൽ 11603101608 രസീത് നമ്പറായി ചൊവ്വന്നൂർ പോസ്റ്റ് ഓഫീസ് അടവാക്കിയിട്ടുള്ളതാണ്. വാർഷിക കണക്കിൽ ഉൾപ്പെടുത്തുവാൻ വിട്ടുപോയിട്ടുള്ളതാണ്. ആയത് പിഴയടക്കം ഈടാക്കിയിട്ടുള്ളതിനാൽ പഞ്ചായത്തിന് നഷ്ടം ഒന്നും സംഭവിച്ചിട്ടില്ല എന്നുള്ള വിവരം ബോധിപ്പിക്കുന്നു. കല്ല്യാണ മണ്ഡപങ്ങൾ, ഓഡിറ്റോറിയങ്ങൾ, റേഷൻ ഡീലർമാർ, കരാറുകാർ എന്നിവരിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നു തൊഴിൽനികുതി ഈടാക്കിയതിന്റെ രസീത് നമ്പറുകൾ താഴെ ചേർക്കുന്നു.<br>കരാറുകാർ -<br>അഷറഫ്, പുളിച്ചാറൻ വീട്, മരത്തംകോട് 117030105197 തിയ്യതി 31.3.2018 2500/<br>അഷറഫ്, പുളിച്ചാറൻ വീട്, മരത്തംകോട് 117030105196 തിയ്യതി 31.3.2018 2500/<br>ജിജോ ജെയിംസ്, പുത്തൂർ വീട്, തൈക്കാട് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 117030105149 തിയ്യതി 26.3.2018 7500/-<br><br>ജയതിലകൻ, പണിക്കശ്ശേരി വീട്, ചെമ്മന്തട്ട 117030105148 തിയ്യതി 26.3.2018 7500/-<br><br>എൻ.എ.ഫ്രാൻസീസ്, നീലങ്കാവിൽവീട്, ആറ്റത്തറ 17030105150 തിയ്യതി 26.3.2018 2500/-<br><br>അഷിൻദേവ്, പുന്നപ്പുഴവീട്, ചേറൂർ117030105206 തിയ്യതി 31.3.2018 2500/-<br><br>ജിൽസൺ ആൻറണി, പൊറത്തൂർ വീട്, കുന്നംകുളം 117030105193തിയ്യതി 31.3.2018 5000/-<br><br>കണ്ണൻ,പി.ജി, പുളിക്കുന്നത്ത് വീട്, കോട്ടാൽ 117030105195 തിയ്യതി 31.3.2018 2500/-<br><br>സുമേഷ്, പുളിക്കൽ വീട് ചൂണ്ടൽ 117030105192 തിയ്യതി 31.3.2018 2500/-<br><br>ജെബിൻ പീറ്റർ, കാക്കശ്ശേരി വീട്, ചൊവ്വന്നൂർ 117030105187 തിയ്യതി 28.3.2018 2500/-<br><br>കല്ല്യാണമണ്ഡപങ്ങൾ, ഓഡിറ്റോറിയങ്ങൾ-<br><br>മാത്യൂസ് ഓഡിറ്റോറിയം, ചൊവ്വന്നൂർ 11603101958 തിയ്യതി 7.12.2016 2500/-<br><br>മാത്യൂസ് ഓഡിറ്റോറിയം, ചൊവ്വന്നൂർ 11603101959 തിയ്യതി 7.12.2016 2500/-<br><br>അൽ അമീൻ ഓഡിറ്റോറിയം, ചൊവ്വന്നൂർ 11603102084 തിയ്യതി 16.12.2016 2500/- | |

| | | | | |
|---|---|---|---|---|
| | | | | അൽ അമീൻ ഓഡിറ്റോറിയം, ചൊവ്വന്നൂർ 11603102083 തിയ്യതി 16.12.2016 2500/-<br><br>ഐ.എം.എ.ഹാൾ കാണിപ്പയ്യൂർ 11603101948 തിയ്യതി 7.12.2016 2500/-<br><br>ഐ.എം.എ.ഹാൾ കാണിപ്പയ്യൂർ 11603101949 തിയ്യതി 7.12.2016 2500/-<br><br>രചന ഓഡിറ്റോറിയം, ചൊവ്വന്നൂർ, 11603102042 തിയ്യതി 14.12.2016 2500/-<br><br>രചനഓഡിറ്റോറിയം, ചൊവ്വന്നൂർ 11603102043 തിയ്യതി 14.12.2016 2500/-<br><br>വൈ.എം.സി.എ.ഹാൾ കാണിപ്പയ്യൂർ 111603102463 തിയ്യതി 10.1.2017 2500/<br><br>വൈ.എം.സി.എ.ഹാൾ കാണിപ്പയ്യൂർ 11603102994 തിയ്യതി 4.2.2017 2500/-<br><br>പാരിഷ് ഹാൾ, ചൊവ്വന്നൂർ117030105191 തിയ്യതി 31.3.2018 5000/-<br><br>റേഷൻ ഡീലൻമാർ-<br><br>കെ.വി. സത്യ, എ.ആർ.ഡി പുതുശ്ശേരി 117030104963 തിയ്യതി 14.3.2018 5000/-<br><br>എസ്.വേണുഗോപാലൻ എ.ആർ.ഡി മാന്തോപ്പ് 117030104969 തിയ്യതി 14.3.2018 5000/-<br><br>പ്രവീൺ, എ,ആർ.ഡി ചൊവ്വന്നൂർ 117030104974 തിയ്യതി 14.3.2018 5000/-<br><br>പി.എൽ. ജോസഫ് എ,ആർ.ഡി ചെമ്മന്തട്ട 117030104972 തിയ്യതി 14.3.2018 5000/- |

## <u>4-8 ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 38790540 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38526474 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 29,861 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,04,477 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 1542 | സീമ.ടി.എസ്, അസി.എഞ്ചിനീയർ |
| 3-2 | - | 28319 | സീമ.ടി.എസ്, അസി.എഞ്ചിനീയർ |
| ആകെ | | 29,861 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26(1) | 25000 | ശ്രീമതി.അംബുജാക്ഷി.ടി.കെ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-26(2) | 150000 | ശ്രീ .ഷൈജിത്ത്.ഐ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-28 | 109800 | ശ്രീമതി.ലളിത.വി.പി, ഐസിഡിഎസ് സൂപ്പർവൈസർ |
| 1-35 | 19677 | സീമ.ടി.എസ്, അസി.എഞ്ചിനീയർ |
| ആകെ തുക | 3,04,477 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സീമ.ടി.എസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, ഗ്രാമപഞ്ചായത്ത് | ശ്രീലക്ഷ്മി നിവാസ് പെരിങ്ങണ്ടൂർ.പി.ഒ മുളംകുന്നത്തുകാവ് |

## <u>4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1974-75 | എൽ.എഫ്.ടി.10-1899/82/ 02.08.82 |
| 1975-76 | എൽ.എഫ്.ടി. 10-1906/82/ 02.08.82 |
| 1978-79 | എൽ.എഫ്.ടി. 10-1903/82/ 02.08.82 |
| 1979-80 | എൽ.എഫ്.ടി (എസ്2)-785/11/ 20.07.11 |
| | |

| | |
|---|---|
| 1980-81 | എൽ.എഫ്.ടി (എസ്2)-785/11/ 20.07.11 |
| 1981-82 | എൽ.എഫ്.ടി. 10-1484/85/ 10.09.85 |
| 1982-83 | എൽ.എഫ്.ടി. 10-1080/87/ 05.01.88 |
| 1984-85 | എൽ.എഫ്.ടി. 10-722/28.03.90 |
| 1985-86 | എൽ.എഫ്.ടി. 10-1791/21.05.91 |
| 1986-87,87-88 | എൽ.എഫ്.ടി. 10-659/92/ 13.07.92 |
| 1988-89,89-90 | എൽ.എഫ്.ടി. 10-1587/14.05.93 |
| 1990-91 | എൽ.എഫ്.ടി. 10-1811/94/ 21.08.95 |
| 1991-92 | എൽ.എഫ്.ടി. 10-1544/93/ 18.05.94 |
| 1992-93, 93-94 | എൽ.എഫ്.ടി. 10-735/95/ 08.12.95 |
| 1994-95,95-96 | എൽ.എഫ്.ടി. (എസ്2)-785/11/ 20.07.11 |
| 1996-97(ചെലവ്) | എൽ.എഫ്.ടി. 10-1012/98/ 12.02.99 |
| 1996-97(വരവ്) | എൽ.എഫ്.ടി. 10-480(എ)/03/ 05.09.03 |
| 1997-98 | എൽ.എഫ്.ടി. 10-480/03/ 06.06.03 |
| 1998-99 | എൽ.എഫ്.ടി. 10-2113/06/ 15.05.07 |
| 1999-2000 | എൽ.എഫ്.ടി. 10-2114/06/ 10.04.07 |
| 1999-2000, 2000-01, 2001-02 (പ്ലാൻ) | എൽ.എഫ്.ടി. 10-1372/03/ 07.01.04 |
| 2000-2001 | എൽ.എഫ്.ടി. 10-2115/10.04.07 |
| 2001-02 | എൽ.എഫ്.ടി. 10-2116/10.04.07 |
| 2002-03 | എൽ.എഫ്.ടി. 10/1270/ 08/07.09.09 |
| 2003-04 | എൽ.എഫ്.ടി. 10-1271/08/ 07.09.09 |
| 2004-05 | എൽ.എഫ്.ടി. 10-2600/08/ 16.04.10 |
| 2005-06 | എൽ.എഫ്.ടി. 10-692/09/ 17.06.10 |
| 2006-07 | എൽ.എഫ്.ടി.10-693/09/ 23.07.10/16.08.10 |
| 2007-08 | എൽ.എഫ്.ടി.10-1148/01.03.11 |
| 2008-09 | എൽ.എഫ്.ടി.10-1149/01.03.11/ 13.10.11 |
| 2009-10 | എൽ.എഫ്.ടി.(പി2)-368/12/ 09.04.12/ 05.04.12,1981-82 മുതൽ 92-93 &93-94 വരെ അദാലത്തിൽ മറുപടിയില്ല |
| 2010-11 | എൽ.എഫ്.ടി. (പി2)369/12/ 09.04.12/ 05.07.12 |
| 2011-12 | എൽ.എഫ്.ടി. (പി6)/12)33/ 13/08.11.13 |
| 2012-13 | എൽ.എഫ്.ടി. (പി6)/373/14/ 11.08.14/17.09.14 |
| 2013-14 | എൽ.എഫ്.ടി.(പി9)/258/15/07/ 05/2015/ 08.05.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി9)916/2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി9)1731/2016/ 18.11.16/05.01.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി9)1316/2017/ 23.11.17/30.11.17 |
| 2017-18 | കെ.എസ്.എടി.എസ്.ആർ(പി6)1588 /2018 07.12.18/07.01.19 |
| 2018-19 | കെ.എസ്.എടി.എസ്.ആർ(പി6)1701 /2019 |

| | |
|---|---|
| | 20.01.20 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്